# PRAVACHANA PRADEEPIKA

# പ്രവചന പ്രദീപിക

## *PROPHETICAL ILLUMINATOR*



| Vol. 58 | January-February 2021 | No. 1 |
|---|---|---|



***"നീയോ, ബേത്ത്ലേഹേം എഫ്രാത്തേ, നീ യഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്നു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽ നിന്നു ഉത്ഭവിച്ചുവരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതുംതന്നേ"***

***(മീഖാ.5:2)***



| വിഷയാനുക്രമണിക | ലേഖകർ | പുറം |
|---|---|---|
| ❖ പത്രാധിപലേഖനം | Y.S.R | 3 |
| ❖ യേശുക്രിസ്തുവിന്റെ പുനരാഗമനം | Dr.Adv.M.V. | 5 |
| ❖ യാഗക്രമം യഥാക്രമം ജീവിത ക്രമത്തിൽ | D.E. | 7 |
| ❖ യേശുക്രിസ്തുവിന് രക്ഷിതാവിന്ന് വേണ്ടുന്ന യോഗ്യതകൾ | Y.E. | 11 |
| ❖ യിസ്റാഏൽ വാർത്തകൾ | P.S.Y. | 13 |
| ❖ ഒരു നഷ്ടക്കച്ചവടം | V.P.J | 16 |
| ❖ മഹത് വചനങ്ങൾ, ഫലിതം, ആഴകെഴും മൊഴികൾ | | കവർ 2 |





**ഈ മാസികാ സംബന്ധമായ മണിയോർഡറുകൾ, ചെക്കുകൾ, ഡ്രാഫ്റ്റുകൾ എന്നിവ *J. Esther Bethel, Pravachana Pradeepika, Aramada P.O., Trivandrum - 695032, Kerala* എന്ന വിലാസത്തിലും മറ്റ് എല്ലാ എഴുത്തുകുത്തുകളും *പബ്ലിഷർ, പ്രവചന പ്രദീപിക, ആറാമട പി.ഒ., തിരുവനന്തപുരം - 32* എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണ്. ഫോൺ : *0471-2357439***

**വരിസംഖ്യ (മുൻകൂർ) ഇന്ത്യയിൽ 100 രൂപ**
**ഇന്ത്യയ്ക്കു വെളിയിൽ അറേബ്യയും**
**തത്തുല്യരാജ്യങ്ങളും (Air Mail) 750 രൂപ.**
**അമേരിക്ക, കാനഡാ മുതലായവയ്ക്ക് (Air Mail) 750 രൂപ**

Chief Editor : **Dr. O.M. Samuel**, B.A., M.Div., ThD.
Publisher : **Y. Sam Raj**, B.A., B.Ed., M.Div.

**EDITORIAL BOARD**

1. K.A. Philip, B.A., B.Ed.
2. Dr. Adv. Mathew Vairamon, MS, LLM, M Div, ThD, PhD.
3. Evgst. Varghese Kurien
4. Dani Ezekiel, M.A. (Eng), M.th.

## മഹത് വചനങ്ങൾ

1. *ത്യാഗമനോഭാവത്തിനു മുമ്പിൽ സ്വർഗ്ഗം തുറക്കപ്പെടുന്നു.*
2. ദൈവത്തിന്റെ പദ്ധതികൾക്ക് പരിമിതികൾ ഇല്ല.
3. ശൂന്യാകാശം പ്രത്യാശയുടെ നിറകുടം.
4. ദൈവത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പുതിയ വഴികളെ വെട്ടിത്തുറക്കുന്നു.
5. മറ്റുള്ളവരുടെ ധനത്തിൽ കുരുങ്ങുന്നത് നമുക്കു നാശകരം.
6. യേശുക്രിസ്തു ലോകത്തെ രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുന്നു.
7. പ്രാർത്ഥന തികച്ചും ആത്മീയമായിരിക്കണം.

## ഫലിതം

എപ്പോഴും എന്തെങ്കിലും മണ്ടത്തരം കാണിക്കുന്ന പ്രകൃതമാണ് ജോണിയുടേത്. അവന്റെ വിവാഹദിവസം വന്നു വിവാഹശുശ്രൂഷ നടത്തുവാൻ അച്ചൻ എത്തി. വധുവിന് അവനെക്കാൾ വളരെ അധികം ഉയരമുണ്ട്. താലികെട്ടുവാൻ ജോണിക്ക് വളരെ ബുദ്ധിമുട്ടാകും എന്ന് മനസ്സിലാക്കിയ അച്ചന്റെ മനസ്സിൽ പെട്ടെന്നു ഒരു ഐഡിയ തോന്നി. വധുവിനോടു മുട്ടുകുത്തി നിൽക്കാൻ അച്ചൻ പറഞ്ഞു. പക്ഷെ ജോണി വധുവിനെ തൊട്ടുമുത്തി. മുട്ടുകുത്താൻ അച്ചൻ പറഞ്ഞതു ജോണി കേട്ടത് തൊട്ടുമുത്താൻ അച്ചൻ പറഞ്ഞതായിട്ടാണ്. അച്ചൻ ജോണിയോടു: നീ എന്തു പണിയാ ജോണി കാണിച്ചത്. എന്നു മെല്ലെ ചോദിച്ചു. ഉടനെ ജോണി Sorry അച്ചാ എന്നു അതിലും മെല്ലെ പറഞ്ഞു. സദസ്സിലിരുന്നവർ ചിരി അടക്കാൻ പാടുപെട്ടു. ഒപ്പം അച്ചനും.

ബൈബിൾ പ്രവചനങ്ങളെ വിശദീകരിക്കുന്ന പ്രതിമാസ പത്രികയാണ് പ്രവചന പ്രദീപിക.

**ഈ മാസികാ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം**

- ദൈവവിശ്വാസം സ്ഥാപിക്കപ്പെടുക
- ബൈബിൾ ദൈവവചനമാണെന്ന് നിറവേറിയ പ്രവചനങ്ങളെക്കൊണ്ടു തെളിയിക്കുക.
- ഭാവി പ്രവചനങ്ങളുടെ വിശദീകരണത്താൽ പ്രത്യാശ ഉളവാക്കുക.

## അഴകെഴും മൊഴികൾ

1. ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു ഭയങ്കരം.
2. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ.
3. സഹോദരപ്രീതി നിലനില്ക്കട്ടെ. അതിഥി സൽക്കാരം മറക്കരുത്.
4. നന്മ ചെയ്യുവാനും കൂട്ടായ്മ കാണിക്കുവാനും മറക്കരുത്.
5. നിങ്ങളെ നടത്തുന്നവരെ അനുസരിച്ച് കീഴടങ്ങിയിരിപ്പിൻ.
6. അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളൂ?
7. കർത്താവിന്റെ സന്നിധിയിൽ താഴുവിൻ. എന്നാൽ അവൻ നിങ്ങളെ ഉയർത്തും.

മാസികയുടെ കുടിശ്ശികകൾ ഉടൻ അടച്ചു തീർക്കുക. വരിസംഖ്യ മുൻകൂർ ആയതിനാൽ 2021 ലെ വരിസംഖ്യയും കുടിശ്ശിക ആയി വരും. മാസികയുടെ സുഗമമായ പ്രവർത്തനങ്ങളിൽ സഹകരിക്കുക, പ്രാർത്ഥനയുടെ കൈത്താങ്ങൽ നൽകുക.

## വരിക്കാരുടെ ശ്രദ്ധയ്ക്ക്

നിങ്ങളുടെ വരിസംഖ്യ പുതുക്കുവാൻ താഴെ കാണുന്ന ബാങ്ക് അക്കൗണ്ട് നമ്പറിൽ തുക അയയ്ക്കുക.

**Bank A/c**

**ESTHER J,**
**Central Bank of India**
**Kunnapuzha Branch, Trivandrum - 695032**
**A/c No. 1820364887, IFSC Code :CBIN 0283099**

## ഒരു പെൺകുട്ടിയുടെ സാക്ഷ്യം

♦ രക്ഷിക്കപ്പെട്ട ദിവസം മുതൽ ആത്മാക്കളെ നേടാൻ അത്യുൽസാഹിയായ പെൺകുട്ടി സാക്ഷി പ[illegible]ഞ്ഞതിപ്രകാരമാണ്. അനേക കിരീടങ്ങൾ എനിക്കു ലഭിക്കും എന്നത് ഉറപ്പാണ്. യേശുകർത്താവ് എന്റെ അരികിലേക്ക് കിരീടങ്ങളുമായി വരുമ്പോൾ ഞാൻ ഒരു തവണ പോലും കിരീടത്തിൽ നോക്കുകയില്ല. അരുമനാഥന്റെ മുഖത്തു നിന്നും കണ്ണെടുക്കാതെ ഞാൻ നോക്കിക്കൊണ്ടേയിരിക്കും എന്നാണ്.

# പ്രവചന പ്രദീപിക

Founder Editor : Late Sri. Y.Ezekiel, Aramada

വാല്യം 58 January-February 2021 No.1

## പത്രാധിപ ലേഖനം

## പ്രവചനങ്ങൾ - യേശുക്രിസ്തുവിന്റെ സാക്ഷ്യ പത്രങ്ങൾ - 5

### മശിഹാ എവിടെ ജനിക്കും

പഴയനിയമത്തിൽ യേശുക്രിസ്തുവിനെ മൂന്നുവിധത്തിൽ വിശദീകരിച്ചിരിക്കുന്നു.

1. നിഴൽരൂപത്തിൽ. ഉദാ. ആദാം, ഇസ്ഹാക്ക്, മല്ക്കീസേദെക്ക്. (2) സാദൃശ്യം (പ്രതിരൂപം) ആയിട്ട് ഉദാ: നോഹയുടെ പെട്ടകം, സങ്കേത നഗരങ്ങൾ, പെസഹാ കുഞ്ഞാട്, താമ്രസർപ്പം, സമാഗമനകൂടാരം. (3) വാഗ്ദത്തം മുഖേന. ഉദാ: ഉല്പ.3:15 മുതൽ മലാഖി അവസാനം വരെ പ്രവചന രൂപേണ യേശുക്രിസ്തുവിനെ കുറിച്ച് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എല്ലാം വാഗ്ദത്തങ്ങൾ ആകുന്നു.

ഇങ്ങനെയുള്ള വാഗ്ദത്തങ്ങളാൽ അഥവാ പ്രവചനങ്ങളാൽ വേദപുസ്തകം നിറഞ്ഞിരിക്കുകയാണ്. വേദപുസ്തകത്തിൽ 1000 പ്രവചനങ്ങൾ ഉണ്ടെന്നും അതിൽ 500 എണ്ണം കൃത്യമായി എല്ലാ അംശങ്ങളിലും നിറവേറി എന്നും പ്രവചന പണ്ഡിതനായ മാർക്ക് ഹിച്ച് കോക്ക് രേഖപ്പെടുത്തിയിരിക്കുന്നു. വേദപുസ്തകത്തിലെ മൂന്നിലൊരു ഭാഗം പ്രവചനങ്ങളാണ്.

ഈ പ്രവചനങ്ങളെ അഞ്ച് തലക്കെട്ടുകളായി വിഭജിച്ച് പഠിക്കാവുന്നതാണ്.

1. മശിഹാ പ്രവചനങ്ങൾ
2. യെഹൂദ ജാതിയേയും അവരുടെ രാജ്യമായ പലസ്തീൻ നാടിനെയും കുറിച്ചുള്ള പ്രവചനങ്ങൾ.
3. ലോകരാഷ്ട്രങ്ങളെ കുറിച്ചുള്ള പ്രവചനങ്ങൾ
4. ക്രൈസ്തവ സഭയെകുറിച്ചുള്ള പ്രവചനങ്ങൾ.
5. പ്രപഞ്ചത്തിലെ വിവിധ സംഭവങ്ങളെകുറിച്ചുള്ള പ്രവചനങ്ങൾ

271 മശിഹാ പ്രവചനങ്ങളെ ചെയിൻ റഫറൻസ് ബൈബിൾ എഴുത്തുകാരൻ വൃക്ഷരൂപത്തിൽ ചിത്രീകരിച്ചിരിക്കുന്നത് വളരെ പഠനാർഹമാണ്.

പ്രവചനങ്ങൾ എല്ലാംതന്നെ വിശേഷിച്ച് മശിഹാ പ്രവചനങ്ങൾ യേശുക്രിസ്തുവിന്റെ സാക്ഷ്യപത്രങ്ങളാണ്.

യേശുക്രിസ്തു എവിടെ ജനിക്കും എന്ന് ക്രിസ്തുവിന്റെ ജനനത്തിന് 750 വർഷങ്ങൾക്ക് മുമ്പേ മീഖാപ്രവാചകൻ പ്രവചിച്ചു. "നീയോ ബേത്ത്ലഹേം എഫ്രാത്തേ, നീ യെഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിനു അധിപതി ആയിരിക്കേണ്ടുന്നവൻ എനിക്ക് നിന്നിൽ നിന്നും ഉത്ഭവിച്ചു വരും; അവന്റെ ഉത്ഭവം (going forth) പണ്ടേയുള്ളതും പുരാതനമായതും തന്നേ (everlasting) (മീഖാ. 5:2).

മീഖാ 5:2 ന് സ്കോഫീൽഡ് അർത്ഥം വിശദീകരിച്ചിരിക്കുന്നതിപ്രകാരമാണ്: "നിനക്ക് അധിപതിയായിരിക്കേണ്ടുന്നവൻ എനിക്ക് നിന്നിൽ നിന്ന് ഉത്ഭവിച്ചുവരും - കാലത്തികവിൽ എനിക്ക് ഭരണാധികാരി ആയിരിക്കേണ്ടുന്നവൻ ബേത്ത്ലേഹേമിൽ നിന്നു വരും.

അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ. അവന്റെ ഉത്ഭവം (going forth)അഥവാ പ്രവൃത്തികൾ നിത്യത മുതലും സൃഷ്ടിപ്പിലും, സംര

ക്ഷണത്തിലും, നടത്തിപ്പുകളിലും, പ്രത്യക്ഷതകളിലും, രക്ഷണ്യ പ്രവൃത്തികളിലും വെളിപ്പെട്ടുവരുന്നു.

മീഖാ. 5:2-ൽ യേശുക്രിസ്തു എവിടെ ജനിക്കും എന്ന് പറഞ്ഞിരിക്കുന്നു. ഈ വാക്യത്തിന്റെ നിവർത്തി ഭാഗം മത്തായി. 2:6-ൽ കാണാം. "യെഹൂദ്യയിലെ ബേത്‌ലേഹെമേ, നീ യഹൂദാ പ്രഭുക്കന്മാരിൽ ഒട്ടും ചെറുതല്ല; എന്റെ ജനമായ യിസ്രായേലിനെ മേയ്പാനുള്ള തലവൻ നിന്നിൽ നിന്നു പുറപ്പെട്ടുവരും" (മത്താ. 2:6). "ദാവീദിന്റെ സന്തതിയിൽ നിന്നും ദാവീദ് പാർത്ത ഗ്രാമമായ ബേത്ത്ലേഹെമിൽ നിന്നും ക്രിസ്തു വരുന്നു എന്ന് തിരുവെഴുത്തുകൾ പറയുന്നില്ലയോ എന്നു പറഞ്ഞു" (യോഹ. 7:42) കൂടാരപ്പെരുന്നാളിന്റെ ഒടുക്കത്തെ ദിവസം യേശുക്രിസ്തുവിന്റെ ജനനസ്ഥലത്തെകുറിച്ച് ഒരു തർക്കമുണ്ടായപ്പോൾ യെഹൂദന്മാരിൽ ഒരു വിഭാഗം പറഞ്ഞ വാക്കുകളാണ് മേൽ ഉദ്ധരിച്ചിരിക്കുന്നത്. അവർ പറഞ്ഞു യേശുക്രിസ്തു ഗലീലയിൽ നിന്നല്ല ദാവീദിന്റെ സന്തതിയിൽ നിന്നും ദാവീദ് പാർത്ത ഗ്രാമമായ ബേത്ത്ലേഹെമിൽ നിന്നും ക്രിസ്തുവരുന്നു എന്ന് തിരുവെഴുത്തുകൾ പറയുന്നില്ലയോ എന്നു പറഞ്ഞു.

മറിയയ്ക്ക് വിവാഹനിശ്ചയം ചെയ്തിരുന്ന യോസേഫ് നസ്രത്ത് എന്ന ഗലീലാ പട്ടണത്തിൽ താമസിച്ചിരുന്നു (ലൂക്കോ. 1:27). ഗർഭിണിയായ മറിയ യേശുക്രിസ്തുവിനെ പ്രസവിക്കാൻ തക്കവണ്ണം എങ്ങനെ ബേത്ത്ലേഹേമിൽ എത്തപ്പെട്ടു എന്നത് അത്ഭുതകരമായ വിഷയമാണ്. "ആ കാലത്ത് ലോകം ഒക്കെയും പേർവഴി ചാർത്തേണം എന്ന് ഔഗുസ്തോസ് കൈസറുടെ ഒരു ആജ്ഞ പുറപ്പെട്ടു" (ലൂക്കോ. 2:1). ഔഗുസ്തോസ് കൈസറുടെ കാലത്ത് മൂന്ന് വലിയ നികുതി പിരിവിന്നുവേണ്ടിയുള്ള ജനസംഖ്യാകണക്കെടുപ്പുകൾ ഉണ്ടായി. അതിൽ രണ്ടാമത്തെ നികുതി പിരിവിന്നു വേണ്ടിയുള്ള ജനസംഖ്യാകണക്കെടുപ്പിനുള്ള ആജ്ഞ കുറേന്യോസ് സുറിയാ നാടുവാഴുമ്പോൾ യേശുക്രിസ്തുവിന്റെ ജനനത്തിന് 4 വർഷങ്ങൾക്കുമുമ്പേ ഉണ്ടായി. (അതായത് മറിയയ്ക്ക് ദൂതദർശനം ഉണ്ടാകുന്നതിനും യോസെഫുമായിട്ടുള്ള വിവാഹനിശ്ചയം നടക്കുന്നതിനും 4 വർഷം മുമ്പേ ഉണ്ടായി.) നികുതി പിരിവ് ഇഷ്ടപ്പെടാത്ത യഹൂദജനത ഈ നികുതിപിരിവിനുള്ള ആജ്ഞ നിറുത്തി വയ്പിക്കുന്നതിന് ഒരു നിവേദനാസംഘവുമായി റോമിലേക്കു പോയി. അതിന്റെ വിധി വരുന്നതുവരെയും ജനസംഖ്യാകണക്ക് എടുക്കുന്നത് യെഹൂദ്യയിൽ മാറ്റി വയ്ക്കപ്പെട്ടു. വാർത്താവിനിമയ സൗകര്യങ്ങളും യാത്രാസൗകര്യങ്ങളും കുറഞ്ഞ ആ കാലത്ത് നിവേദന സംഘത്തിന് റോമിലെത്തി ചക്രവർത്തിയെ കാണാൻ കാലതാമസം ഉണ്ടായി. നിവേദന സംഘത്തിന്റെ ആവശ്യം ചക്രവർത്തി തള്ളിക്കളഞ്ഞു. അങ്ങനെ ഈ ആജ്ഞ യഹൂദ്യയിൽ നടപ്പാക്കാൻ ഏകദേശം നാലുവർഷങ്ങൾ വൈകി.

ഈ സമയത്തിനുള്ളിൽ ഗർഭിണിയായിരുന്ന മറിയയും യോസേഫും തമ്മിലുള്ള വിവാഹം നടന്നു. പേർവഴി ചാർത്തപ്പെടേണ്ടത് താന്താന്റെ പട്ടണത്തിലായിരിക്കേണം. ഈ നിയമം അനുസരിച്ച് യോസേഫും ഗർഭിണിയായ മറിയയും യോസേഫിന്റെ സ്വന്തപട്ടണമായ ബേത്ത്ലേഹേമിലേയ്ക്ക് യാത്രയായി. "അങ്ങനെ യോസേഫും ദാവീദിന്റെ ഗൃഹത്തിലും കുലത്തിലും ഉള്ളവൻ ആകകൊണ്ട് തനിക്ക് വിവാഹം നിശ്ചയിച്ചിരുന്ന മറിയ എന്ന ഗർഭിണിയായ ഭാര്യയോടും കൂടെ ചാർത്തപ്പെടേണ്ടതിന് ഗലീലയിലെ നസറെത്ത് പട്ടണം വിട്ടു യെഹൂദ്യയിൽ ബേത്ത്ലേഹേം എന്ന് ദാവീദിൻ പട്ടണത്തിലേക്കു പോയി (ലൂക്കോ. 2:4). നസറത്തിൽ നിന്ന് ബേത്ത്ലേഹേമിലേയ്ക്ക് ദൂരം 96 മൈലുകളാണ്. നിറഗർഭിണിയായ മറിയയുമൊത്ത് യോസേഫ് 96 മൈൽ ദൂരം ദിവസങ്ങളോളം യാത്ര ചെയ്ത് തന്റെ പൂർവ്വ പിതാവായ ദാവീദ് രാജാവിന്റെ പട്ടണമായ ബേത്ത്ലേഹാമിൽ എത്തി. ദാവീദ് പണിത പല വഴിയമ്പലങ്ങളിലും മുട്ടി വിളിച്ചിട്ടും അവിടെ അവർക്ക് തലചായ്പാൻ ഒരു സ്ഥലവും കിട്ടിയില്ല. വെളിമ്പ്രദേശത്ത് എവിടെയോ മറിയ പ്രസവിച്ചു. കുഞ്ഞിനെ പശുത്തൊട്ടിയിൽ കിടത്തി (ലൂക്കോ. 2:11-12).

അങ്ങനെ യേശുക്രിസ്തുവിന്റെ ജനനത്തിന് നൂറ്റാണ്ടുകൾക്കുമുമ്പേ മീഖാ പ്രവാചകൻ പ്രവചിച്ച പ്രവചനപ്രകാരം വള്ളിപുള്ളി തെറ്റാതെ ദാവീദിന്റെ പട്ടണമായ ബേത്ത്ലേഹെമിൽ 'ദാവീദ് പുത്രനായ യേശുക്രിസ്തു' ജനിച്ചു. ദൈവം നൽകിയ പ്രവചനത്തിന്റെ നിവർത്തിയ്ക്കായി ദൈവം ചരിത്രത്തിലും കാലത്തിലും സംഭവങ്ങളിലും ഇടപെടുന്ന അത്ഭുതാവഹമായ കാഴ്ചകണ്ട് തിരുമുമ്പിൽ വീണു വണങ്ങി അവനിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും അവന് മഹത്വം കൊടുക്കുകയുമല്ലാതെ വേറെ കരണീയം ഒന്നും ഇല്ല. ദൈവത്തിന്റെ വലിയനാമം മഹത്വപ്പെടുമാറാകട്ടെ! ❖

**Y.S.R.**

# യേശുക്രിസ്തുവിന്റെ പുനരാഗമനം

ഡോ. അഡ്വ. മാത്യു വൈരമൺ MS, LLM,MDIV, ThD, PhD

നൂറ്റാണ്ടുകളായി വിശ്വാസികൾ കർത്താവിന്റെ വരവിനുവേണ്ടി വളരെ ആകാംക്ഷയോടെ കാത്തിരിക്കുന്നു. എല്ലാ വിശ്വാസികളും അവരുടെ തലമുറയിൽ തന്നെ കർത്താവു വരുമെന്ന പ്രതീക്ഷയോടെ ജീവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അത് അവരെ ആത്മീയമായിട്ടു ഉത്സാഹമുള്ളവരായിത്തീർക്കുമെന്നു ദൈവത്തിന് അറിയാം. നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടാണ് കർത്താവു വരുന്നതെന്നു ശിഷ്യന്മാരോടോ വിശ്വാസികളോടോ ദൈവാത്മാവ് അരുളി ചെയ്തിരുന്നെങ്കിൽ അവരിൽ വിശ്വാസവും പ്രത്യാശയും കുറഞ്ഞുപോകും. നൂറ്റാണ്ടുകൾ കഴിഞ്ഞുള്ള കാര്യത്തിന് അവർ പ്രതീക്ഷയോടെ കാത്തിരിക്കുകയുമില്ല.

ക്രിസ്തുവിന്റെ രണ്ടാംവരവിനെ സംബന്ധിക്കുന്ന ഏകദേശം 1845 പ്രസ്താവനകൾ വേദപുസ്തകത്തിലുണ്ട്. ഒന്നാം വരവിനെ സംബന്ധിച്ചു പറഞ്ഞ സകല പ്രവചനങ്ങളും നിറവേറി എങ്കിൽ രണ്ടാം വരവിനെക്കുറിച്ചുള്ളതും നിറവേറുക തന്നെ ചെയ്യും. ലോക സംഭവങ്ങൾ കർത്തൃവരവിൻനാൾ സമാഗതമാകാറായി എന്ന് ഉച്ചൈസ്തരം പ്രസ്താവിക്കുന്നുണ്ട് എന്നു വരികിലും 'നാളും നാഴികയും' ഗണിക്കാൻ ആർക്കുമാകയില്ല. "ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനുംകൂടെ അറിയുന്നില്ല" മത്തായി 24:36. ഈ വാക്യത്തിന് രണ്ടു വ്യാഖ്യാനങ്ങളുണ്ട്. പുത്രൻ ഭൂമിയിലായിരുന്നപ്പോഴാണ് അറിയുന്നില്ലായെന്നു പറഞ്ഞത്. എന്നാൽ സ്വർഗ്ഗത്തിൽ ചെന്നതിനു ശേഷം പുത്രൻ എന്നാണ് വരുന്നതെന്നു കൃത്യമായിട്ടു അറിയാമെന്നു ചിന്തിക്കുന്നവരുണ്ട്. പിതാവു പുത്രനിൽ വസിച്ചുകൊണ്ട് തന്റെക്രിയ ചെയ്യുന്നു. അതിനാൽ പിതാവിനു മാത്രമാണ് കൃത്യമായ നാളും നാഴികയും അറിയുന്നതെന്നു ചിന്തിക്കുന്ന വ്യക്തിയാണ് ഈ ലേഖകൻ. കർത്താവിന്റെ വരവിന്റെ സംഭവങ്ങൾ പുത്രന് കൃത്യമായിട്ടു അറിയാം. എന്നാൽ പുത്രന്റെ വരവിന്റെ ദിവസവും മണിക്കൂറും പിതാവായിരിക്കും തീരുമാനിക്കുന്നത്.

ഇന്നു കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാം വരവിന്റെ നാൾ കൃത്യമായി പറയുവാനും ആ ദിനത്തിൽ കാത്തിരിക്കാനും നൂറ്റാണ്ടുകളിലൂടെ അനേകർ ശ്രമിച്ചു എന്നു ചരിത്രരേഖകളിൽ കാണാം. അതിനാൽ ആരെങ്കിലും കർത്താവാം യേശുക്രിസ്തുവിന്റെ വരവിന്റെ നാളും നാഴികയും പറഞ്ഞു പ്രസംഗിച്ചാൽ, ആ വ്യക്തി വലിയ പ്രസംഗകനാണെങ്കിലും, അദ്ദേഹത്തിന്റെ വാക്കുകൾ ആരും വിശ്വസിക്കരുത്. ദൈവത്തിന്റെ ആത്മാവ് ആ വ്യക്തിയോടു സംസാരിച്ചിട്ടില്ലെന്നും മനസ്സിലാക്കണം.

1843 മാർച്ച് 21-ന് യേശു വരുമെന്ന് വില്ല്യം മില്ലർ പ്രവചിച്ചു. ശാബത് മിഷൻകാരനായ ഹിരാം ഹഡ്സൺ തന്റെ നേതാവിനെ പിന്താങ്ങി മില്ലറുടെ കണക്കുകളെ ന്യായീകരിക്കുവാൻ ഹഡ്സൺ ശ്രമിച്ചു. 1875 മെയ് 17-ാം തീയതി കൂടാരപ്പള്ളിൽ തൊമ്മനുണ്ടായ വെളിപ്പാടനുസരിച്ച് 1881 ഒക്ടോബർ 1-ാം തീയതി ക്രിസ്തു വരുമെന്നു പ്രവചിച്ചു. തന്റെ നേതാവായ ഉണർവ്വു പ്രഭാഷകനും ഗാനരചയിതാവുമായ യുസ്തോസ് ജോസഫ് എന്ന വിദ്വാൻ കുട്ടി അച്ചൻ ഈ പ്രവചനം കണ്ണടച്ച് വിശ്വസിക്കുകയും കാലക്കണക്കുകൾകൊണ്ട് തീയതി സ്ഥിരീകരിക്കുകയും ചെയ്തു എങ്കിലും ഒടുവിൽ പരാജിതനായി.

1914 ഒക്ടോബറിൽ ക്രിസ്തു വരുമെന്ന് ചാൾസ് ടെയ്സ് റസ്സൽ എന്ന അമേരിക്കക്കാരൻ പ്രവചിച്ചു. യഹോവാ സാക്ഷികളുടെ സംഘടനയുടെ രണ്ടാമത്തെ പ്രസിഡന്റായ റൂതർ ഫോഡ് 1918-ൽ ക്രിസ്തു അദൃശ്യനായി ശൂന്യാകാശത്തിൽ വരുമെന്ന് പ്രവചിച്ചു. ഇതേ യഹോവാ സാക്ഷികൾ വീണ്ടും 1935 ലും 1949 ലും ഇത്തരം പ്രവചനങ്ങൾ നടത്തി പരാജയമടഞ്ഞു.

മദ്രാസിലെ പോൾ ആശിർവാദി 1969 ജൂലൈ 19 -ാം തീയതി യേശുവരും എന്ന് പ്രവചിച്ചു. 1980-കളുടെ ആരംഭത്തിൽ ഗയാനാ വനാന്തരങ്ങളിൽ കൂട്ട ആത്മഹത്യ നടത്തിയ ജിം ജോൺസും സംഘവും 'ലോകാന്ത്യ പ്രവചന'ത്തിൽ പരാജിതരായവരാണ്.

അതുപോലെ 1992 ഒക്ടോബർ 28-ാം തീയതി വൈകുന്നേരം എട്ടരയ്ക്ക് ക്രിസ്തു വരുമെന്നും ലോകാവസാനം സംഭവിക്കുമെന്നും പ്രവചനമുണ്ടാ

യി. ദക്ഷിണ കൊറിയയിലെ 'മിഷൻ ഫോർ ദ കമിംങ് ഡെയ്സ്' എന്ന പ്രസ്ഥാനത്തിന്റെ നേതാവായ റവ. ക്വോൺ-ടെ-യംഗ് എന്ന വ്യക്തിയുടെ പ്രവചനത്തെ ഭാരതീയ വാർത്താ മാദ്ധ്യമങ്ങൾ പോലും വളരെ പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചു. ഇരുപതിനായിരത്തോളം അംഗങ്ങളാണ് ഇതിങ്കൽ വഞ്ചിതരായത്. ഒടുവിൽ കൊറിയൻ സർക്കാർ നേതാക്കളെ വിലങ്ങു വച്ചതോടെ പരസ്യമായ് മാപ്പു പറയുകയുണ്ടായി.

ഈ വിധം ലോകത്തിന്റെ വിവിധ രാജ്യങ്ങളിലുള്ളവർ കർത്താവിന്റെ വരവിനെക്കുറിച്ചു കൃത്യമായ് പ്രവചിക്കുകയും പരാജയമടയുകയും ചെയ്തു. അതുപോലെ ബ്രദറുകാരുടെ ഇടയിലെ ചില പ്രമുഖ പ്രസംഗകർ കർത്താവിന്റെ രണ്ടാംവരവിന്റെ വർഷം കൃത്യമായ് പറഞ്ഞിട്ടുണ്ട്. ചിലർ വർത്തമാനപത്രത്തിന്റെയും വിദേശമാസികകളുടെ സഹായത്തോടും പ്രവചന പ്രസംഗങ്ങൾ വളരെ ശക്തിയോടെ ചെയ്തു. പക്ഷെ അവർ പറഞ്ഞതുപോലെയൊന്നും സംഭവിച്ചില്ല. ഒരിക്കൽ കൊട്ടാരക്കര സെന്റർ ബ്രദറൺ കൺവൻഷന്റെ സമാപന ദിവസം ആരാധനയ്ക്കു ശേഷം നടന്ന വചനശുശ്രൂഷയിൽ അന്നത്തെ മുഖ്യ കൺവൻഷൻ പ്രഭാഷകൻ ക്രിസ്തു 1998-ൽ വരുമെന്നു കൃത്യമായ് പറഞ്ഞു. ഈ ലേഖകൻ ആ പ്രസംഗം നേരിൽ കേട്ടതാണ്. അതിന് അദ്ദേഹം ഒരു കാലകണക്കും പറഞ്ഞു. യിസ്രായേൽ രാജ്യം സ്ഥാപിതമായത് 1948-ലാണ്. യോവാബ് സംവത്സരം അനുസരിച്ചു 50 വർഷം കഴിയുമ്പോൾ യഹൂദന്മാർക്ക് ഒരു വീണ്ടെടുപ്പ് ഉണ്ടാകും. അങ്ങനെയെങ്കിൽ 1948 നോടു 50 വർഷം കൂട്ടുമ്പോൾ 1998 ലഭിക്കും. അതിനാൽ 1998-ൽ കർത്താവ് വരുമെന്ന് അദ്ദേഹം കൃത്യമായ് പറഞ്ഞു. എന്നാൽ 1998-ൽ ക്രിസ്തു വന്നില്ല. 1998-ന് ശേഷവും അദ്ദേഹം മുഖ്യകൺവൻഷൻ പ്രാസംഗികനായിട്ട് പലയിടത്തും പ്രസംഗിച്ചു. പിന്നീട് അദ്ദേഹം പരിശുദ്ധാത്മാവിനെക്കുറിച്ച് എഴുതുകയും പ്രസംഗിക്കുകയും ചെയ്തെങ്കിലും അതും അത്ര ശരിയായില്ല എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം.

സദ്ദാംഹുസൈൻ കുവൈറ്റ് ആക്രമിച്ചു ഗൾഫ് യുദ്ധം തുടങ്ങിയപ്പോൾ മഹതിയാം ബാബിലോൺ വീണുപോയി. അതിനാൽ ക്രിസ്തു ഉടൻ വരുമെന്നു പറഞ്ഞു റാന്നി മുതലായ സ്ഥലങ്ങളിൽ മഹായോഗങ്ങൾ നടത്തി. കർത്താവ് ഉടൻ വരുമെന്നാണ് വിശ്വാസികൾ അന്ന് വിശ്വസിച്ചിരുന്നത്. എന്നാൽ കർത്താവ് ആ സമയത്തും വന്നില്ല.

ദൈവത്തിന് ഒരു ദിവസം ആയിരം വർഷം പോലെയും ആയിരം വർഷം ഒരു ദിവസം പോലെയുമാണ്. ദൈവം സൃഷ്ടി നിർവ്വഹിച്ചത് ആറു ദിവസം കൊണ്ടാണ്. ഏഴാമത്തെ ദിവസം ദൈവം സ്വസ്ഥനായിരുന്നു. അതിനാൽ ബി.സി. നാലായിരം വർഷത്തോടു എ.ഡി. രണ്ടായിരം വർഷം കൂട്ടുമ്പോൾ ആറായിരം വർഷം ആകും. അതിനാൽ രണ്ടായിരമാണ്ടു കഴിയുമ്പോൾ കർത്താവു വരുമെന്നു പലരും പഠിപ്പിച്ചു. പക്ഷെ അവരുടെ പ്രസംഗത്തിനനുസരിച്ചു കർത്താവു വന്നില്ല. 21-ാം നൂറ്റാണ്ടിൽ കർത്താവു വരുമെന്നു മിക്ക വിശ്വാസികളും പ്രതീക്ഷിക്കുന്നു. ഏഴാം ദിവസത്തിൽ ആയിരം വർഷം വരെയുള്ളതിനാൽ അതിന്റെ സാദ്ധ്യത തള്ളിക്കളയുവാൻ സാധിക്കില്ല.

മനുഷ്യന്റെ ഭാവി അറിയുവാൻ അവന് താല്പര്യമുള്ളതുപോലെ കർത്താവിന്റെ വരവിന്റെ കാലം അറിയുവാൻ വിശ്വാസികൾക്ക് താല്പര്യമുണ്ട്. അതിനാൽ പെട്ടെന്നുണ്ടാകുന്ന ലോകസംഭവങ്ങളുടെ അടിസ്ഥാനത്തിൽ പ്രഭാഷകന്മാർ പ്രവചന പ്രസംഗം ചെയ്യുന്നു. കർത്താവു പറഞ്ഞ കാര്യങ്ങൾ അവർക്ക് ശരിക്കും ഗ്രഹിക്കുവാൻ സാധിക്കുന്നില്ല. വേദപുസ്തകത്തെക്കാൾ വർത്തമാന പത്രങ്ങളും മാസികകളുമാണ് അവരുടെ പ്രസംഗത്തിനു സഹായമാകുന്നത്. അതിനാൽ അവരുടെ പ്രസംഗം കേൾക്കുന്ന വിശ്വാസികൾ വഞ്ചിതരാകുന്നു. കർത്താവിന്റെ വരവിന്റെ വർഷവും, മാസവും, ദിവസവും, മണിക്കൂറും ഭൂമിയിലുള്ള ഒരു മനുഷ്യർക്കും പറയുവാൻ സാധിക്കയില്ല. ആരെങ്കിലും അതു പറഞ്ഞാൽ, ആ വ്യക്തി എത്ര മഹാനായാലും, അദ്ദേഹത്തെ വിശ്വസിച്ചു വഞ്ചിതരാകരുത്. എന്നാൽ കർത്താവിന്റെ വരവിനു ചില കാര്യങ്ങൾ സംഭവിക്കണം. അതു വേദപുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. പക്ഷെ അതു വ്യാഖ്യാനിക്കുമ്പോൾ തെറ്റുപറ്റുന്നു. പടിഞ്ഞാറു കാർമേഘം കാണുമ്പോൾ മഴ പെയ്യുമെന്നു നാം പറയുന്നു. അതുപോലെ സംഭവിക്കുകയും ചെയ്യുന്നു. അതിനാൽ സംഭവങ്ങളുടെ അടിസ്ഥാനത്തിൽ കർത്താവിന്റെ വരവിന്റെ കാലം അടുത്തു എന്നു നമുക്കു മനസ്സിലാക്കാൻ സാധിക്കും. എന്നാൽ നാളും നാഴികയും നാം അറിയുന്നില്ല. ❖

# യാഗക്രമം യഥാക്രമം ജീവിത ക്രമത്തിൽ

Evangelist Dani Ezekiel, MA, M.Th.

പഴയനിയമത്തിലെ അഞ്ചു യാഗങ്ങളെക്കുറിച്ചു ലേവ്യാപുസ്തകം ഒന്നു മുതൽ ഏഴുവരെയുള്ള അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചു കാണുന്നു. അവയുടെ എഴുതപ്പെട്ടിരിക്കുന്ന ക്രമം ഹോമയാഗം, ഭോജനയാഗം, സമാധാനയാഗം, പാപയാഗം, അകൃത്യയാഗം എന്നുള്ള രീതിയിൽ ആണെങ്കിലും ഈ യാഗങ്ങൾ അർപ്പിക്കേണ്ടുന്ന ക്രമം അങ്ങനെയല്ല. അതാകട്ടെ അകൃത്യയാഗം, പാപയാഗം, ഹോമയാഗം, ഭോജനയാഗം, സമാധാനയാഗം എന്ന ക്രമത്തിലാണ്. ഈ യാഗക്രമത്തിനും ക്രമീകരണത്തിനും നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ വളരെ വലിയ പങ്കുണ്ട്. ഈ യാഗാർപ്പണ ക്രമത്തിൽ തന്നേ ജീവിതം നയിച്ചാൽ മാത്രമേ യഥാർത്ഥ വിജയം നേടിയെന്ന് മനസ്സിലാക്കി നമുക്ക് ആശ്വസിക്കുവാൻ വകയുള്ളൂ. ആ ക്രമം യഥാക്രമം ഇങ്ങനെയാണ്. ആദ്യം അകൃത്യയാഗം, പിന്നെ പാപയാഗം തുടർന്നു ഹോമയാഗവും, ഭോജനയാഗവും, സമാധാനയാഗവും. ഈ ഓരോ യാഗവും നമ്മുടെ ജീവിതത്തിലെ ഓരോ നാഴികക്കല്ലുകളെ അടയാളപ്പെടുത്തുന്നതാണ്. പലരും അവസാനയാഗമായ സമാധാനയാഗം വരെ എത്താത്തതിനാൽ യഥാർത്ഥ സമാധാനം അറിഞ്ഞിട്ടേയില്ല. അതിനാൽ നമ്മുടെ ക്രിസ്തീയ ജീവിതത്തിലെ പുരോഗതിയെ അടയാളപ്പെടുത്തുന്ന ഈ യാഗക്രമം മനസ്സിലാക്കി അതിനുള്ള പ്രതിഫലങ്ങളായ അനുഗ്രഹങ്ങളെ സ്വന്തമാക്കാം.

**1. അകൃത്യയാഗം:-** പഴയനിയമത്തിന്റെ മൂലഭാഷയായ എബ്രായഭാഷയിൽ പാപത്തിന് അതിന്റെ ഗൗരവം അനുസരിച്ച് അഞ്ചിലധികം പദങ്ങൾ ഉപയോഗിച്ചിരിക്കുന്നു. അതിൽ ഏറ്റവും ഗൗരവമേറിയ പാപങ്ങൾക്ക് അതായത് ഒരുവൻ മനഃപൂർവ്വം കരുതിക്കൂട്ടി ചെയ്യുന്ന പാപങ്ങൾ ആയ അകൃത്യങ്ങളാണ്. ഇതിനുള്ള പ്രതിവിധി അകൃത്യയാഗമാണ്. അതിനായി വിശുദ്ധമന്ദിരത്തിലെ തൂക്കപ്രകാരം പുരോഹിതൻ മതിക്കുന്ന വിലയ്ക്കുള്ള ആട്ടുകൊറ്റനെയും അഞ്ചിലൊന്നു കൂട്ടിയും കൊടുക്കണം (ലേവ്യ.5:14-19; 6:1-7). മാത്രവുമല്ല അകൃത്യയാഗം ഓരോരുത്തന്റെ ഉത്തരവാദിത്വവും ബാധ്യതയും ആയിരുന്നു. അതായത് പാപയാഗത്തിൽ സമൂഹ ഉത്തരവാദിത്വം കൂടെ വരാമായിരുന്നു എങ്കിലും അകൃത്യയാഗത്തിൽ വ്യക്തിപരമായ ഉത്തരവാദിത്വം മാത്രം ആണ് ഉള്ളത്. കാരണം മനഃപൂർവ്വമായിട്ട് ഉള്ള അകൃത്യ പാപങ്ങൾക്ക് അവനവൻ ഉത്തരവാദിത്വം ഏറ്റെടുത്തേ മതിയാവൂ. "ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്തമോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു" (യാക്കോബ് 1:14). അതിനാൽ അകൃത്യം ജീവിതത്തിൽ ഉള്ള ആൾ മറ്റേതൊരു യാഗം കഴിക്കുന്നതിന് മുൻപ് ആദ്യമായി അകൃത്യയാഗം കഴിച്ചിരിക്കണം. ഇതാണ് ഏറ്റവും വലിയ യാഗം എന്ന് പറയേണ്ടി വരും. കാരണം ഒരുവൻ മനഃപൂർവ്വം ചെയ്തത് എന്തൊക്കെ ആയാലും അത് അവനോട് ക്ഷമിക്കുവാൻ ദൈവത്തോട് ഇടനില്പാൻ ഈ അകൃത്യയാഗത്തിനാകും. "പുരോഹിതൻ യഹോവയുടെ സന്നിധിയിൽ അവന്നുവേണ്ടി പ്രായശ്ചിത്തം കഴിക്കേണം. എന്നാൽ അവൻ അകൃത്യമായി ചെയ്തതൊക്കെയും അവനോടു ക്ഷമിക്കും "(ലേവ്യ. 6:7). ഈ അകൃത്യ യാഗമാണ് ദാവീദിന് വേണ്ടി ഇടനിന്നത്. നമുക്ക് വേണ്ടിയുള്ള ഏറ്റവും വലിയ യാഗമായ ക്രിസ്തുവിന്റെ യാഗത്തെ അകൃത്യയാഗമായിട്ടാണ് യെശയ്യാവ് 53-ാം അദ്ധ്യായത്തിൽ ഒന്നും രണ്ടുമല്ല എട്ടോളം തവണയാണ് പ്രതിപാദിച്ചിരിക്കുന്നത്. അതിനാൽ ഏതെങ്കിലും അകൃത്യലംഘനം മറച്ചുവച്ച് ശുഭം വരാതെ ഇരിക്കുന്നതിനെക്കാൾ അതിനെ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് ക്രിസ്തുവിന്റെ അകൃത്യയാഗത്താൽ ലഭ്യമാക്കപ്പെട്ട കരുണ സ്വായത്തമാക്കുക.

**2. പാപയാഗം:-** പാപയാഗം ആകട്ടെ അബദ്ധവശാൽ ചെയ്യുന്ന പാപങ്ങൾക്കും അശുദ്ധികൾക്കും എതിരേയായിരുന്നു. അത് വ്യക്തിപരമായി മാത്രമല്ല സമൂഹമായും അർപ്പിക്കേണം. ഉദാഹരണത്തിന് (മഹാ) പാപപരിഹാര ദിവസം (the Great Day of Atonement) എന്നാണ് ആറാം ഉത്സവത്തിന്റെ പേരെങ്കിലും അന്ന് ജനത്തിന് ആ വർഷം സംഭവിച്ചുപോയ അബദ്ധങ്ങൾക്ക് ഉള്ള യാഗമാണ് നടത്തപ്പെടുന്നത്. അല്ലാതെ മനഃപൂർവ്വമായവയ്ക്ക് അല്ല. പൗലോസ് പറയുന്നത് ശ്രദ്ധിക്കുക. രണ്ടാമത്തേതിലോ ആണ്ടിൽ ഒരിക്കൽ മഹാപുരോഹിതൻ മാത്രം ചെല്ലും; രക്തം കൂടാതെ അല്ല; അതു അവൻ തന്റെയും ജനത്തിന്റെയു അബദ്ധങ്ങൾക്കുവേണ്ടി അർപ്പിക്കും" (എബ്രാ.9:7). അതു

പോലെ പുരോഹിതൻ മറ്റേതൊരു യാഗം അർപ്പിക്കുന്നതിന് മുൻപ് പാപയാഗം അർപ്പിച്ചിരിക്കണം. "താനും ബലഹീനത പൂണ്ടവനാകയാൽ അറിവില്ലാത്തവരോടും വഴിതെറ്റിപ്പോകുന്നവരോടും സഹതാപം കാണിപ്പാൻ കഴിയുന്നവനും ബലഹീനത നിമിത്തം ജനത്തിനുവേണ്ടി എന്നപോലെ തനിക്ക് വേണ്ടിയും പാപയാഗം അർപ്പിക്കേണ്ടിയവനും ആകുന്നു" (എബ്രാ. 5:2,3). ഇതിന് അപവാദം നിഷ്പാപവാനായ ക്രിസ്തു മാത്രമായിരുന്നു. "ആ മഹാപുരോഹിതന്മാരെപ്പോലെ ആദ്യം സ്വന്തപാപങ്ങൾക്കായും പിന്നെ ജനത്തിന്റെ പാപങ്ങൾക്കായും ദിനംപ്രതി യാഗം കഴിപ്പാൻ ആവശ്യമില്ലാത്തവൻ തന്നേ. അതു അവൻ തന്നെത്താൻ അർപ്പിച്ചുകൊണ്ടു ഒരിക്കലായിട്ടു ചെയ്തുവല്ലോ" (എബ്രാ. 7:27). തന്നെതന്നെ അർപ്പിക്കണമെങ്കിൽ അത് ഊനമില്ലാത്തതിനാൽ ക്രിസ്തു തനിക്കായിട്ടല്ല മറ്റുള്ളവർക്കായി ഏകയാഗമായി ത്തീർന്നു. "യേശുവോ പാപങ്ങൾക്ക് വേണ്ടി ഏക യാഗം കഴിച്ചിട്ടു എന്നേക്കും ദൈവത്തിന്റെ വലത്തു ഭാഗത്തു ഇരുന്നുകൊണ്ട് തന്റെ ശത്രുക്കൾ തന്റെ പാദപീഠം ആകുവോളം കാത്തിരിക്കുന്നു. ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്ക് സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു" (എബ്രാ. 10:12-14). ക്രിസ്തുവിന്റെ ഈ ഏക യാഗത്തിൽ അവരുടെ പാപങ്ങളും അകൃത്യങ്ങളും ഒരുപോലെ പരിഹരിക്കപ്പെട്ടു. "ഈ കാലം കഴിഞ്ഞ ശേഷം ഞാൻ അവരോടു ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു; എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും എന്നു കർത്താവിന്റെ അരുളപ്പാട്" എന്നു അരുളി ചെയ്ത ശേഷം "അവരുടെ പാപങ്ങളെയും അകൃത്യങ്ങളെയും ഞാൻ ഇനി ഓർക്കയുമില്ല" എന്നു അരുളി ച്ചെയ്യുന്നു" (എബ്രാ. 10:16-17, യിരെ. 31:33-34). അങ്ങനെ അബദ്ധത്താൽ വന്നുപോകുന്ന പാപങ്ങൾക്ക് പോലും ഒഴികഴിവില്ല. സമൂഹപരമായിട്ട് അന്യരുടെ പാപങ്ങളിൽ പങ്കാളിയാകാതെയും സഹോദരന്റെ കാവൽക്കാരനായും എല്ലാ പാപങ്ങൾക്കും പരിഹാരം വരുത്തണം.

3. ഹോമയാഗം: വ്യക്തിപരമായുള്ള അകൃത്യയാഗവും വ്യക്തിപരവും സമൂഹപരവുമായുള്ള പാപയാഗവും അർപ്പിച്ചുകഴിഞ്ഞ വ്യക്തിക്കേ ഹോമയാഗം കഴിക്കാനാകൂ. ഹോമയാഗത്തിന്റെ പ്രത്യേകത എന്നത് യാഗമൃഗത്തിന്റെ തോൽ ഒഴികെ ബാക്കിയെല്ലാം ദഹിപ്പിക്കണം എന്നതാണ് "പുരോഹിതൻ ഒരുത്തന്റെ ഹോമയാഗം അർപ്പിക്കുമ്പോൾ അർപ്പിച്ച പുരോഹിതന്നു ഹോമയാഗമൃഗത്തിന്റെ തോൽ ഇരിക്കേണം" (ലേവ്യ. 7:8). യാഗമൃഗത്തെ മൊത്തത്തിൽ ദഹിപ്പിച്ച് ചാരമാക്കുന്ന ഒന്നാണ് ഹോമയാഗം മറ്റുള്ള യാഗങ്ങളിൽ എല്ലാം പുരോഹിതനും പുത്രന്മാർക്കും ഒരു വലിയ ഓഹരി ലഭിക്കയും അവസാന യാഗമായ സമാധാന യാഗത്തിൽ പുരോഹിതന് മാത്രമല്ല യാഗം കൊണ്ടു വന്നവർക്കും ഓഹരി ഉണ്ടായിരുന്നു. എന്നാൽ സമ്പൂർണ്ണഹോമയാഗം ആയതിനാലാണ് യിസ്ഹാക്കിനെ ഹോമയാഗം കഴിപ്പാൻ കല്പന ലഭിച്ചപ്പോൾ അബ്രഹാമിന് ഇങ്ങനെയും ആശിക്കേണ്ടി വന്നത്: "വിശ്വാസത്താൽ അബ്രഹാം താൻ പരീക്ഷിക്കപ്പെട്ടപ്പോൾ യിസ്ഹാക്കിനെ യാഗം അർപ്പിച്ചു. യിസ്ഹാക്കിൽ നിന്ന് ജനിക്കുന്നവൻ നിന്റെ സന്തതി എന്നു വിളിക്കപ്പെടും എന്നു അരുളപ്പാട് ലഭിച്ചു വാഗ്ദത്തങ്ങളെ കൈക്കൊണ്ടവൻ തന്റെ ഏകജാതനെ അർപ്പിച്ചു. മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിപ്പാൻ ദൈവം ശക്തൻ എന്നു എണ്ണുകയും അവരുടെ ഇടയിൽ നിന്ന് എഴുന്നേറ്റവനെപ്പോലെ അവനെ തിരികെ പ്രാപിക്കയും ചെയ്തു" (എബ്രാ.11:17-19). സമ്പൂർണ്ണ ദഹന യാഗമാകയാൽ മരണം സുനിശ്ചിതവും ചാരം മാത്രമേ അവശേഷിക്കൂ എന്നത് അതിന്റെ സാരവും ആണ്. ഈനിലയിലുള്ള ജീവന്മരണ പോരാട്ട പരീക്ഷണത്തിനൊടുവിലാണ് ദൈവം അബ്രഹാമിനെ ഐശ്വര്യമായിട്ട് അനുഗ്രഹിക്കാൻ തുടങ്ങിയത്. "നീ ഈ കാര്യം ചെയ്ത് നിന്റെ ഏകജാതനായ മകനെ തരുവാൻ മടിക്കായ്കകൊണ്ടു ഞാൻ നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും...." (ഉല്പ. 22:16,17).

അതുപോലെ തന്നേ ഇയ്യോബിന്റെ സ്വന്തജീവിതം തന്നേയും ഹോമയാഗ സമാനമായ പ്രതിസന്ധിയിലൂടെ കാരണം അതുവരെയും സമ്പൽസമൃദ്ധി അനുഭവിച്ച ഇയ്യോബ് യാഗങ്ങൾ എല്ലാം കഴിച്ച് തന്റെ സമ്പന്നതയിൽ തുടരുവാൻ ആഗ്രഹിച്ചിരുന്നു. അപ്പോൾ പിശാച് ദൈവത്തോട് പറഞ്ഞത്: വെറുതെയല്ല ഇയ്യോബ് നിന്നെ സേവിക്കുന്നത്. കാരണം നീ അവന് സകലവും നൽകിയിരിക്കുകയാണല്ലോ. ഇതെല്ലാം എടുത്തു മാറ്റിയാൽ അവൻ നിന്നെ മുഖത്ത് നോക്കി ത്യജിച്ചു പറയുമെന്ന് ഇയ്യോബിനെവച്ച് ഒരുതരം പന്തയ വെല്ലുവിളി നടത്തി. ദൈവം ഈ വെല്ലുവിളി സ്വീകരിക്കുകയും ഇയ്യോബിന്റെ ജീവിതത്തിൽ പിശാചിന്റെ കടന്നു കയറ്റം അനുവദിക്കയും ചെയ്തു.

പ്രാണൻ മാത്രമായി അവശേഷിച്ച ഇയ്യോബ് വാസ്തവത്തിൽ ഒരു ഹോമയാഗമായി മാറ്റപ്പെട്ടു. പിശാച് തന്റെ പേരിൽ ദൈവത്തെ വെല്ലുവിളിച്ചത് ഇയ്യോബ് അറിയാതിരുന്നതിനാലും തന്റെമേൽ വരുന്ന കഷ്ടതയുടെ കാരണം ആരാഞ്ഞിട്ടും കാണാത്തതിനാലും ഇയ്യോബ് ദൈവത്തെ ചോദ്യങ്ങളാൽ കുറ്റപ്പെടുത്തുവാൻ തുടങ്ങി. എന്നാൽ ഇയ്യോബിന്റെ ഭാര്യയും കൂട്ടുകാരും ഒരു കാര്യത്തിൽ താന്താങ്ങൾ അറിയാതെ തന്നേ ഇയ്യോബിന്റെ ന്യൂനത ചൂണ്ടിക്കാട്ടിയിരുന്നു. അതായത് കയ്യഫാവ് മഹാപുരോഹിതൻ ജനങ്ങളുടെ പാപത്തിന് വേണ്ടി ഒരുവൻ മരിക്കുന്നത് നല്ലത് എന്ന് കർത്താവിനെക്കുറിച്ച് സ്വയം അറിയാതെ പറഞ്ഞത്പോലെ. ഭാര്യ പറഞ്ഞത് നീ നിന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നത് എന്ത്? (ഇയ്യോ. 2:8). ദൈവത്തെ മുറുകെ പിടിക്കേണ്ട സ്ഥാനത്താണിതെന്ന് ഓർക്കണം. കൂട്ടുകാരൻ എലീഫസ് പറഞ്ഞതും ഇതിനോട് സമാനമായത് തന്നെയാണ്. "നിന്റെ ഭക്തി നിന്റെ ആശ്രയമല്ലയോ? നിന്റെ നടപ്പിന്റെ നിർമ്മലത നിന്റെ പ്രത്യാശയല്ലയോ" (ഇയ്യോ. 4:6). ഇവർ ഇത് ഇയ്യോബിന്റെ മേന്മയായിട്ടാണ് പറഞ്ഞതെങ്കിലും ഇതായിരുന്നു ഇയ്യോബിന്റെ ഒരേയൊരു ന്യൂനത. കാരണം ദൈവത്തിൽ ആശ്രയിക്കേണ്ടവനും ദൈവത്തിൽ പ്രത്യാശിക്കേണ്ടവനുമായ ഇയ്യോബിനെക്കുറിച്ച് (ഇയ്യോ. 1:1) ദൈവം നേരത്തെ തന്നേ ദൈവഭക്തനാണെന്ന് പറഞ്ഞിരുന്നതിനാൽ ആ സാക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കാതിരിപ്പാൻ ഇയ്യോബിന് ഈ ഹോമയാഗതുല്യമായ കഷ്ടം അനുവദിച്ചു.

നമ്മുടേയും ക്രിസ്തീയ ജീവിതത്തിന്റെ ചില ഘട്ടങ്ങളിൽ ദൈവത്തിൽ നിന്ന് തന്നെ നാം അറിയാതെ അകന്ന് ദൈവീകാലോചന ചോദിക്കാത്ത പ്രവർത്തനങ്ങളിലും വചനവിരുദ്ധമായ പ്രസ്ഥാനങ്ങളിലും പ്രാർത്ഥിച്ച് ഒരുങ്ങാത്ത ശുശ്രൂഷകളിലും എല്ലാം മുഴുകിപ്പോകാറുണ്ട്. ഇയ്യോബിനോട് ഏർപ്പെട്ടതുപോലെ ദൈവം ഇടപെടുമ്പോൾ കൂട്ടാളികളും, കുടുംബവും, ആരോഗ്യവും എല്ലാം അകന്ന് നിൽക്കുന്നതും എല്ലാവരും കൈവിടുന്ന, എല്ലാം പ്രതികൂലമാകുന്ന സുവർണ്ണ അനുഭവത്താൽ തനിയേ നാം ശേഷിപ്പിക്കപ്പെടാം. പക്ഷേ അവിടെ നാം തനിയേ അല്ലെന്നു മാത്രം. കാരണം ദൈവം മല്ലുപിടിച്ചിട്ടാണെങ്കിലും നമ്മെ നന്നാക്കുവാൻ തയ്യാറായി നിൽക്കുന്നത് അറിയാനാകും. ഇങ്ങനെ ഇയ്യോബ് തന്നെതന്നെ വെറുത്ത് ദൈവം തന്നെ കൊന്നാലും താൻ ദൈവത്തിനായി കാത്തിരിക്കും എന്ന് പ്രഖ്യാപിക്കുന്നു. അത് ഇയ്യോബിലെ സ്വയത്തിന്റെ മരണമായിരുന്നു. ഉടനെ തന്നെ ഇയ്യോബിനെ ദൈവം എലീശയ്ക്ക് ഏലിയാവിന്റെ ഇരട്ടിപങ്ക് നല്കിയത് പോലെ തനിക്കുണ്ടായിരുന്നത് തന്നെ സകലവും ഇരട്ടിയായി നൽകി ആദരിച്ചുറപ്പിച്ചു.

ഹോമയാഗത്തെയും അതിനെത്തുടർന്നു വരുന്ന ഭോജനസമാധാന യാഗങ്ങളെയും വഴിപാട് (Offering) എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിനു മുമ്പുള്ള അകൃത്യയാഗം, പാപയാഗം തുടങ്ങിയ രണ്ടിനെയും യാഗം (sacrifice) എന്നുതന്നെയാണ് പറഞ്ഞിരിക്കുന്നത്. ഇത് അർത്ഥമാക്കുന്നത് ആദ്യത്തെ രണ്ട് യാഗം കഴിക്കുന്നവർക്കേ വഴിപാട് അർപ്പിക്കാൻ യോഗ്യതയുള്ളു എന്നതാണ്. ദൈവത്തിന് അങ്ങോട്ട് എന്തെങ്കിലും കൊടുക്കാനുള്ള യോഗ്യത. പക്ഷെ അതിനായി ഒരു സമ്പൂർണ്ണ ദഹനഹോമയാഗത്തിലൂടെ നാം ശ്രമിക്കുമ്പോൾ ദൈവം നമ്മുടെ സമ്പൂർണ്ണ സമർപ്പണത്തിലെ മനോഭാവത്തിലെ ന്യൂനതകൾകൂടി പരിഹരിച്ച് നമ്മെ അനുഗ്രഹിക്കും. ഒരുവൻ ഓടിവന്ന് മുട്ടുകുത്തി നല്ല ഗുരോ എന്ന് പറഞ്ഞപ്പോൾ കർത്താവ് കാരണം ആരാഞ്ഞ് അവനെ നല്ലവഴി കാണിച്ചുകൊടുത്തു എങ്കിലും അവൻ അനുസരിക്കാതെ വന്നപ്പോൾ ദുഃഖിതനായി പൊയ്ക്കളയേണ്ടി വന്നതുപോലെ അല്ല നാം അനുസരിച്ചാൽ ദുഃഖിക്കേണ്ടി വരികയില്ല.

**4. ഭോജനയാഗം**: സ്വയത്തെ സമ്പൂർണ്ണമായി അർപ്പിക്കുന്ന ഹോമയാഗശേഷം വരുന്നത് സമാധാനയാഗങ്ങൾ എന്ന് അറിയപ്പെടുന്ന ഭോജനയാഗവും സമാധാനയാഗവും ആണ്. "ഇങ്ങനെ അവർ ദൈവത്തിന്റെ പെട്ടകം കൊണ്ടുവന്നു ദാവീദ് അതിന്നായി അടിച്ചിരുന്ന കൂടാരത്തിനകത്തുവെച്ചു; പിന്നെ അവർ ദൈവത്തിന്റെ സന്നിധിയിൽ ഹോമയാഗങ്ങളും സമാധാനയാഗങ്ങളും കഴിച്ചു" (1 ദിന.16:1-3). ദാവീദ് ചെയ്തതുപോലെ തന്നെ പിൽക്കാലത്ത് ശലോമോനും ചെയ്യുന്നു. "ശലോമോൻ ഉറക്കമുണർന്നപ്പോൾ അത് സ്വപ്നം എന്നു കണ്ടു. പിന്നെ അവൻ യെരുശലേമിലേക്ക് മടങ്ങിവന്ന് യഹോവയുടെ നിയമപെട്ടകത്തിന്റെ മുമ്പാകെ നിന്ന് ഹോമയാഗങ്ങൾ കഴിച്ചു സമാധാനയാഗങ്ങളും അർപ്പിച്ചു. തന്റെ സകല ഭൃത്യന്മാർക്കും വിരുന്നു കഴിച്ചു" (1 രാജാ. 3:15). എന്നാൽ ഭോജനയാഗത്തിലെ ഓഹരി പുരോഹിതനെ ലഭിക്കയുള്ളൂ, അർപ്പിക്കുന്നവന് ലഭിക്കയില്ല. എന്നാൽ ഭോജനയാഗത്തിന്റെ ശേഷിപ്പു അഹരോനും പുത്രന്മാർക്കും ഇരി

ക്കേണം, യഹോവയ്ക്കുള്ള ദഹനയാഗങ്ങളിൽ ഇതു അതി വിശുദ്ധം (ലേവ്യ. 2:3, 10). സ്വയം ഹോമിച്ച ഒരാൾക്കുപോലും ഉടനടി സ്വന്തമായി ഒരു ഓഹരി നേടുവാൻ ദൈവം അനുവദിക്കുന്നില്ല. ആ ഓഹരി ആദ്യം പുരോഹിതനും അവന്റെ പുത്രന്മാർക്കും ഉള്ള താണ്. ഹോമയാഗത്തിൽ എല്ലാം ദൈവത്തിനും ഭോജ നയാഗത്തിൽ ദൈവശുശ്രൂഷകരായ പുരോഹി തർക്കും തുടർന്നുള്ള സമാധാനയാഗത്തിൽ ദൈവ ത്തിനും പുരോഹിതർക്കും അർപ്പകർക്കും എല്ലാം ഓഹരി ഉണ്ട്.

5. **സമാധാനയാഗം** : എന്നാൽ അവസാനത്തെയാഗ മായ സമാധാനയാഗം കഴിക്കുമ്പോൾ മാത്രമാണ് അർപ്പകനായ വ്യക്തിക്കും പുരോഹിതരോടൊപ്പം ഭക്ഷിക്കുവാൻ ഓഹരി ലഭിക്കുന്നത്. ഇവിടെ എല്ലാ വരും ഭക്ഷിക്കുകയാണ്. ദൈവത്തിന് മേദസ്സ് (ലേവ്യ. 3:3,4), പുരോഹിതന് നെഞ്ചും ഉദർച്ചയുടെ വലത്തെ കൈക്കുറകും (ലേവ്യ. 7:31-34). സമാധാനയാഗമായി അർപ്പിച്ച ഭോജന യാഗത്തിന്റെ ഓഹരിയും (ലേവ്യ. 7:13,14), ഇതിൽ ബാക്കിയുള്ള ഭാഗങ്ങൾ എല്ലം മൂന്നാം ദിവസംവരെ അശുദ്ധർ അല്ലാത്തവർക്ക് പൗരോഹി ത്യത്തിന് വെളിയിലുള്ളവർക്കും ഭക്ഷിക്കാം. (ലേവ്യ. 7:15-21) "എന്നാൽ അശുദ്ധി തന്റെമേൽ ഇരിക്കുമ്പോൾ ആരെങ്കിലും യഹോവക്കുള്ള സമാധാന യാഗങ്ങ ളുടെ മാംസം തിന്നാൽ അവനെ അവന്റെ ജനത്തിൽ നിന്നു ഛേദിച്ചുകളയേണം "(ലേവ്യ. 7:20). ഈ സമാധാന യാഗഘട്ടത്തിൽ എത്തിയാൽ മാത്രമേ യഥാർത്ഥ പുഷ്ടിയും പ്രസരിപ്പും സമ്പൂർത്തിയും അവകാശപ്പെടാനാകൂ. ദൈവത്തിന് യാഗം അർപ്പിച്ച ശേഷം പുരോഹിതനും പൗരോഹിത്യത്തിന് പുറത്തു ള്ളവരും ഒരുപോലെ ഓഹരി ലഭിച്ച് പുഷ്ടിയാൽ ഭക്ഷി ച്ചാരാധിക്കുന്ന നിമിഷം. "ഭൂമിയിൽ പുഷ്ടിയുള്ളവരൊ ക്കെയും ഭക്ഷിച്ചാരാധിക്കും; പൊടിയിലേക്ക് ഇറങ്ങു ന്നവരെല്ലാം അവന്റെ മുമ്പാകെ കുമ്പിടും......" (സങ്കീ. 22:29). എത്ര അനുഗ്രഹീതമായ അനുഭവം.

**അനുഗ്രഹവാഞ്ചയുള്ളവർക്ക് ഓടി ഒഴിഞ്ഞു കളവാനാകാത്ത രണ്ടു യാഗങ്ങൾ**

രണ്ടേരണ്ടു യാഗങ്ങളുടെ കാര്യത്തിൽ മാത്രമേ അതു വകയുള്ളവനും വകയില്ലാത്തവനും അർപ്പി ക്കണമെന്ന് ദൈവം വ്യവസ്ഥ ചെയ്തിട്ടുള്ളൂ. എന്നാൽ ഇവയിൽ രണ്ടിൽ എത്തുവാനും എത്തി യാലും ബാക്കി മൂന്നും അങ്ങനെ അഞ്ചുയാഗങ്ങളും പൂർത്തിയായി പുഷ്ടിയോടെ ഭക്ഷിച്ചാരാധിക്കാനാ കും. അതിനായുള്ള രണ്ടുയാഗങ്ങൾ ഒഴിച്ചുകളയാനോ ദാരിദ്ര്യത്താൽ ആർക്കും ഒഴിഞ്ഞുകളയാനോ ആകാത്ത പാപയാഗവും ഹോമയാഗവുമാണ്. കാരണം ഇവയ്ക്ക് രണ്ടിനും മാത്രമേ വകയില്ലാത്ത വൻ ആയാലും എങ്ങനെയും യാഗവസ്തു ഒരുക്ക ണമെന്ന് നിഷ്കർഷിച്ചിട്ടുള്ളൂ. വകയില്ലായ്മ കൂടുതൽ പ്രകടമാകുന്നത് പാപയാഗവ്യവസ്ഥയിലാണ്. "ആട്ടിൻകുട്ടിക്ക് അവനു വകയില്ലെങ്കിൽ താൻ ചെയ്ത പാപം നിമിത്തം അവൻ രണ്ടു കുറുപ്രാവി നെയോ രണ്ടു പ്രാവിൻകുഞ്ഞിനെയോ ഒന്നിനെ പാപ യാഗമായും മറ്റേതിനെ ഹോമയാഗമായും യഹോ വയ്ക്കു കൊണ്ടുവരേണം " (ലേവ്യ. 5:7). ഇതിനും വകയില്ലാത്തവനം പാപയാഗത്തിൽ നിന്ന് ഒഴികഴിവി ല്ല. "രണ്ടു കുറുപ്രാവിനോ രണ്ടു പ്രാവിൻകുഞ്ഞിനോ അവനു വകയില്ലെങ്കിൽ പാപം ചെയ്തവൻ പാപയാ ഗത്തിന് ഒരിടങ്ങഴി നേരിയ മാവു വഴിപാടായി കൊണ്ടു വരേണം....." (ലേവ്യ. 5:7). എന്നാൽ ദാരിദ്ര്യം കാരണം അർപ്പകന് പ്രകൃതിയിൽ ദൈവം ഒരുക്കിയ പ്രാവിനെ സൗജന്യമായി ലഭിക്കുന്നു എങ്കിലും ആ സൗജന്യ ത്തിന് മതിയായ വില പ്രാവ് അർപ്പകനുവേണ്ടി നൽകുകയാണ്. "അവൻ അവയെ പുരോഹിതന്റെ അടുക്കൽ കൊണ്ടുവരേണം; അവൻ പാപയാഗത്തി നുള്ളതിനെ മുമ്പെ അർപ്പിച്ചു അതിന്റെ തല കഴു ത്തിൽ നിന്നു പിരിച്ചു പറിക്കേണം; എന്നാൽ രണ്ടായി പിളർക്കരുത്. അവൻ പാപയാഗത്തിന്റെ രക്തം കുറെ യാഗപീഠത്തിന്റെ പാർശ്വത്തിൽ തളിക്കേണം; ശേഷം രക്തം യാഗപീഠത്തിന്റെ ചുവട്ടിൽ പിഴിഞ്ഞു കള യേണം; ഇതു പാപയാഗം" (ലേവ്യ.5:8,9). ഹോമയാഗ ത്തിനും ഏകദേശം ഇതേ വ്യവസ്ഥകൾ തന്നെ യാണ്.

എന്നാൽ പപയാഗം കഴിക്കണമെങ്കിൽ ഒരുവന് അകൃത്യമുണ്ടെങ്കിൽ ആദ്യം അകൃത്യയാഗത്താൽ അത് പരിഹരിച്ചിരിക്കണം. തുടർന്ന് പാപയാഗം കഴിച്ച ശേഷം ഹോമയാഗം കഴിച്ച് തന്റെ ത്യാഗ മനോഭാവം അബ്രഹാമിനെപ്പോലെ പ്രഖ്യാപിക്കാം. ഇവയ്ക്ക് രണ്ടിനും യാതൊരു ഒഴികഴിവുമില്ല. ഹോമയാഗഘട്ട ത്തിലെ ത്യാഗത്തിൽ എത്തിയവർക്ക് അനായാസേന സമാധാനയാഗങ്ങളായ ഭോജന സമാധാന യാഗങ്ങ ളിലേക്ക് കടന്നുചെന്ന് കൂട്ടായ്മ അനുഭവിച്ച് പുഷ്ടി വച്ച് ഭക്ഷിച്ചാരാധിക്കാം.

# യേശുക്രിസ്തുവിന് രക്ഷിതാവിന്ന് വേണ്ടുന്ന യോഗ്യതകൾ

വൈ. എസക്കിയേൽ

III

## രക്ഷണ്യപ്രവൃത്തികൾ

കർത്താവിന്റെ മരണം മുതൽ തിരിച്ചുവരവു വരെയുള്ള അവന്റെ പ്രവൃത്തികൾ അവൻ രക്ഷിതാവ് എന്നതിനെ തെളിയിക്കുകയും നമ്മുടെ രക്ഷയെ സാധിപ്പിക്കുകയും രക്ഷയ്ക്കു നിദാനമായിട്ടിരിക്കുകയും ചെയ്യുന്നു.

### A. മരണം

അവന്റെ മരണം നിസ്തുല്യമായതാണ്. പാപരഹിതനായ ഒരുവൻ മരണത്തിന്നധീനനാകുവാൻ -മരണത്താൽ പിടിച്ചടക്കുവാൻ സാദ്ധ്യമല്ല. അവനെ കൊല്ലുവാൻ ആർക്കും യാതൊരു ശക്തിക്കും യാതൊരുത്തർക്കും സാദ്ധ്യമല്ല. എന്നാൽ ക്രിസ്തു മരണത്തിന്നു തന്നെത്താൻ ഏല്പിച്ചു. മരണത്തിന്നു മരണമല്ലാതെ പരിഹാരമില്ലാത്തതിനാൽ നമുക്കുപകരമായി നമ്മുടെ പ്രായശ്ചിത്ത മരണം താൻ അനുഭവിച്ചു. മരണത്തിന്റെ അധികാരിയായ പിശാചിനെ അവന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമപ്പെട്ടിരുന്നവരെ ഒക്കെയും വിടുവിച്ചു. എബ്രാ. 2:14, 15. മനുഷ്യനെ അരിഷ്ടാവസ്ഥയിലേക്ക് എത്തിച്ചതു പാപമാകുന്നു. പാപത്താൽ ദൈവത്തോടു ശത്രുത്വവും (യെശ.59:2) ശാപവും (ഉല്പ. 3:17) മരണവും (റോമ. 5:12) എല്ലാനാശവും മനുഷ്യന് ഉണ്ടായി. ഇവയ്ക്കെല്ലാം കാരണമായിരിക്കുന്ന പാപത്തെ നീക്കുന്നതിനാലാണു രക്ഷ കൈവരുന്നത്. അതു നീക്കുവാനാണു രക്ഷിതാവ്. നമ്മുടെ കർത്താവു തന്റെ മേൽ നമ്മുടെ പാപങ്ങളെ ചുമന്നു. 1 പത്രോ. 2:24 പാപത്തിനുള്ള ശിക്ഷ തന്റെ ശരീരത്തിൽ വഹിച്ചു. ആകയാൽ തന്റെ മരണം പ്രായശ്ചിത്തമരണമാണ്. നമുക്കുപകരം ശിക്ഷ വഹിച്ചു. നമ്മെ ശിക്ഷയിൽ നിന്നും മോചിപ്പിച്ചിരിക്കയാൽ നമ്മുടെ രക്ഷിതാവായിരിക്കുവാൻ താൻ യോഗ്യനായിത്തീർന്നു. അതിന്നായി ദൈവം നിശ്ചയിച്ചിരുന്ന സകല നീതിയും തന്റെ മരണത്താൽ താൻ നിവർത്തിക്കുകയാണ് ചെയ്തത്.

### B. ഉയിർപ്പ്

നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം വന്നതു കൊണ്ടു തന്നെയും നാം ദൈവസന്നിധിയോടടുപ്പാൻ യോഗ്യരാണ്. എന്നാൽ ദൈവിക പരിപാടിയിലെ പല കാര്യങ്ങൾ നിവർത്തിച്ചു വരുന്നതു

---

## ഉപസംഹാരം

നമ്മുടെ ക്രിസ്തീയ ജീവിതത്തോടുള്ള ബന്ധത്തിൽ ഈ അഞ്ചുയാഗങ്ങൾക്കും പറയാനുള്ളത് ആദ്യമായി ലംഘനങ്ങളെ അഥവാ മനഃപൂർവ്വമായ പാപങ്ങളായ അതിക്രമങ്ങളേയും അകൃത്യങ്ങളേയും ഏറ്റുപറഞ്ഞ് ഉപേക്ഷിക്ക. തുടർന്ന് മനഃപൂർവ്വമല്ലാത്ത പാപങ്ങൾക്കും അബദ്ധങ്ങൾക്കും ഉത്തരവാദിത്തം ഏറ്റെടുത്ത് പാപയാഗം കഴിച്ച് ജീവിതത്തിൽ നിന്നു തന്നെ ഒഴിവാക്കുക. തുടർന്ന് ദൈവം നമ്മെ ഇയ്യോബിന്റെ അനുഭവം പോലെയുള്ള ഹോമയാഗത്തിലൂടെ നടത്തുമ്പോൾ പിറുപിറുക്കാതെ സഹിക്കുക. അപ്പോൾ നമ്മുടെ മനസ്സിന്റെ ഉദ്ദേശ്യ ശുദ്ധിതന്നെ കൂടുതൽ ശുദ്ധമാക്കപ്പെടുകയും ദൈവാനുരൂപമാക്കപ്പെടുകയും ചെയ്യും. തുടർന്നു ദൈവവേലക്കാർക്കും ദൈവവേലക്കും പ്രയോജനമുള്ള തരത്തിൽ ഭോജനയാഗ ക്രമീകരണം നടത്തുക. അവസാനമായി ദൈവീക സമാധാനം നമ്മുടെ ഹൃദയങ്ങളിൽ വാഴ്കയും നമ്മുടെ ജീവിതം ദൈവത്തിനും, മനുഷ്യർക്കും, നമുക്കു തന്നെയും പ്രയോജനപ്രദമാകും വിധം പുഷ്ടിയോടെ ഭക്ഷിച്ചാരാധിക്കുന്ന സമാധാനയാഗത്തിന്റെ തലത്തിൽ എത്തുകയും പൂർണ്ണമാവുകയും ചെയ്യും. ഈ തലംവരെ ഉയരുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. ആമേൻ. ❖

വരെ നമ്മുടെ ശരീരത്തിൽ ഇതിന്റെ ഫലം ഉണ്ടാകുന്നില്ല. ശരീരത്തിന്റെ പുനരുത്ഥാനം പ്രാപിക്കുന്നതുവരെ നാം ബലഹീനർ തന്നെ. ബലഹീനരായ നമ്മെ സഹായിപ്പാൻ ശക്തനായ ഒരുവൻ വേണം. നമുക്കുവേണ്ടി പ്രായശ്ചിത്തം വരുത്തിയവൻതന്നെ അതിന്നായിട്ട് ഉയിർത്തെഴുന്നേറ്റു. മാത്രമല്ല, തന്റെ മരണത്തിൽ 'പാപപരിഹാരം ഉണ്ട് എന്നും താൻ നമ്മെ രക്ഷിപ്പാൻ ശക്തൻ എന്നും തെളിയിച്ചതും തന്റെ ഉയിർത്തെഴുന്നേല്പാണ്. തന്റെപുനരുത്ഥാനത്തിനു മുമ്പോ പിമ്പോ മനുഷ്യചരിത്രത്തിൽ ഇവ്വണ്ണമുള്ള ഉയിർത്തെഴുന്നേല്പ് ഉണ്ടായിട്ടില്ല. ലോകത്തിലെ മഹാന്മാരും അവതാര പുരുഷന്മാർ എന്നു വിചാരിക്കപ്പെടുന്നവരും മതനേതാക്കന്മാരും ആദർശപുരുഷന്മാരും മരിച്ചു മൺമറഞ്ഞു പോയിരിക്കുന്നു. ക്രിസ്തു മാത്രം ഉയിർത്തെഴുന്നേറ്റു ജീവനുള്ള നേതാവായി സ്ഥിതിചെയ്യുന്നു.

അങ്ങനെ തന്റെ ഉയിർപ്പിൽ താൻ നിസ്തുല്യനായി വിളങ്ങുകയും നമ്മെ രക്ഷിപ്പാൻ ശക്തൻ എന്നു തെളിയിക്കുകയും ചെയ്തിരിക്കുന്നു. "നിങ്ങളുടെ വിശ്വാസവും പ്രത്യാശയും ദൈവത്തിൽ വെച്ചു കൊള്ളേണ്ടതിന്നു ദൈവം അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേല്പിച്ചു, അവന്നു തേജസ്സുകൊടുത്തുമിരിക്കുന്നു" എന്ന് 1 പത്രോസ് 1:21-ൽ നാം വായിക്കുന്നുണ്ടല്ലോ.

## C. സ്വർഗ്ഗാരോഹണം

നമുക്കു നിരപ്പു ലഭിക്കേണ്ടതു ദൈവത്തോടാണ്. ദൈവസന്നിധിയിൽ നിന്നു തന്നെ നമുക്ക് സഹായവും ലഭിക്കണം. അതിനാൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തു ദൈവസന്നിധിയിലേക്കു കടന്നു. സകല സൃഷ്ടിക്കും മീതെയുള്ള താൻ ജയാളിയായി അവിടേക്കു കടന്നിരിക്കുന്നു. ദൈവം എവിടെയോ അവിടെ താനും ഇരിക്കുന്നു. പിതാവിന്റെ സിംഹാസനത്തിൽ തന്നെ. മർക്കോ. 16:19. അവിടേക്കു ക്രിസ്തു ഒഴികെ ആരും കയറീട്ടില്ല. യോഹ. 3:13. സകല നാമത്തിന്നും മേലായനാമം തനിക്കു ലഭിച്ചു. സകല അധികാരസ്ഥാനങ്ങൾക്കും സൃഷ്ടിക്കും മീതെ തന്നെ. എഫെ. 1:21,22; ഫിലി. 2:9. ആ വിധത്തിൽ ഏറ്റവും ഉന്നതനായി ഇരിക്കയാൽ അവൻ സ്വർഗ്ഗത്തിൽ നിന്നും നമുക്ക് ഇറക്കി ത്തരേണ്ടുന്ന സഹായങ്ങൾ ഇറക്കിത്തരുമെന്നുള്ളതിനാലും അവൻ രക്ഷിതാവു തന്നെ.

## D. പക്ഷവാതം

താൻ ഉന്നതനായിത്തീർന്നതു തനിക്കുവേണ്ടിയല്ല. ലോകത്തിൽ ജീവിക്കുന്ന തന്റെ മക്കൾ അവസാനത്തോളം നിലനിൽക്കേണ്ടതിന്നായി ചിലപ്രവൃത്തികൾ അവർക്കായി അവൻ അവിടെ നിർവ്വഹിക്കുകയാണ്. രണ്ടു നിലകളിലെ പ്രവൃത്തികൾ അവൻ അവിടെ ചെയ്യുന്നു. ഒന്നാമതായി, അവൻ നമുക്കു വേണ്ടി വക്കീലായി നിൽക്കുന്നു. ദൈവകോടതി മുമ്പാകെ നമ്മെ നീതീകരിക്കുവാൻ നമ്മുടെ ഭാഗത്തുനിന്നുകൊണ്ട് ദൈവത്തോടു വാദിക്കുന്ന വക്കീലായിട്ടാണ് ഇന്നു സ്ഥിതിചെയ്യുന്നത്. 1 യോഹ. 2:1. 'കാര്യസ്ഥൻ' എന്ന പദത്തിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുവാക്കിനു വക്കീൽ എന്ന തെളിവായ അർത്ഥം ഉണ്ട്. 'നീതീകരണം' എന്നഭാഗത്ത് ഈ വിഷയം നോക്കുക. ആ വിധം വക്കീൽ എന്ന നിലയിൽ നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു.

രണ്ടാമത്, മഹാപുരോഹിതനായി ദൈവസന്നിധിയിൽ ഇരിക്കുന്നു. തന്റെ ജനത്തിന്റെ നിലനില്പിന്നായിട്ടാണ് പുരോഹിതനായിരിക്കുന്നത്. നമ്മുടെ ബലഹീനതകളിൽ നമ്മെ തുണച്ച്, നമ്മുടെ അബദ്ധങ്ങളെ പരിഹരിച്ചു നിരന്തരമായി നാം ദൈവസംസർഗ്ഗം അനുഭവിക്കേണ്ടതിന്നും അന്ത്യത്തോളം വിജയികളായിപ്പോകേണ്ടതിന്നുമാണ് അങ്ങനെ താൻ ഈ പക്ഷവാതം നടത്തുന്നത്. എബ്രാ. 4:14-16; 7:25. ഇങ്ങനെ, നിത്യപുരോഹിതനായി, നിത്യരക്ഷയുടെ ഉടമസ്ഥനായി നമ്മെ അന്ത്യത്തോളം രക്ഷിക്കുന്നവനായി നമ്മുടെ കാര്യസ്ഥൻ ദൈവസന്നിധിയിൽ നമ്മെ യഥാസ്ഥാനപ്പെടുത്തിക്കൊണ്ടു സ്ഥിതി ചെയ്യുന്നു. അതിലും രക്ഷിതാവിന്റെ യോഗ്യതകൾ തികവായി തന്നിൽ ഉണ്ട്. ബലഹീനരായ നമ്മെ രക്ഷിപ്പാൻ ഈ വിധത്തിലുള്ള ഒരാൾ കൂടാതെ സാദ്ധ്യമല്ല.

# യിസ്റാഏൽ വാർത്തകൾ

Mr. പ്രേംദാസ് സ്വാമിദാസ് യഹൂദി

## കൊറോണ-19 പൊതുകുത്തിവെപ്പിനുള്ള ഫൈസർ വാക്സിൻ യിസ്റാഏലിലെത്തി

യറൂഷലായിം: യഹൂദവർഷം കിസ്ലേവ് 24,5781/ പൊതുയുഗം 10.12.2020 യിസ്റാഏൽ രാഷ്ട്ര ത്തിലെ 349,024 പൗരന്മാർ കൊറോണ-19 ബാധി തരായി. അടച്ചിടൽ നടത്തിയും മസേക (മുഖാ വരണം) ധരിച്ചും അണുനാശിനി ഉപയോഗിച്ചും രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടന്നെങ്കിലും രോഗപ്രതിരോധശേഷി കുറഞ്ഞ 2,933 യിസ്റാ ഏലീം മൃത്യുവിന്നിരയായി. കോവിഡ്-19 വ്യാപനം തടയാൻ അമേരിക്കയിൽ നിന്നും ഫൈസർ കമ്പനിയുടെ അറുപത് ലക്ഷം ഡോസ് പ്രതിരോധ വാക്സിൻ -Pfizer and Binotech Vaccine- ഇറക്കുമതി ചെയ്തു. മരുന്നുമായി 2020 ഡിസംബർ 9 ന് കാർഗോ വിമാനം തെൽ അവീവ് (വസന്തത്തിന്റെ കുന്ന്) നഗരത്തിന് വടക്ക് ലിഡ യിലെ ബെൻ ഗുർയൊൻ അന്താരാഷ്ട്രാ വിമാ നത്താവളത്തിൽ വന്നിറങ്ങി. ഇത് സന്തോഷ ത്തിന്റെ ദിനം എന്നു പറഞ്ഞ റോഷ് ഹമേ മ്ഷാലാ (പ്രധാനമന്ത്രി) ബിന്യമീൻ നെതാ ന്യാഹു താൻ തന്നെയായിരിക്കും ആദ്യമായി വാക്സിൻ കുത്തിവെയ്പിന് വിധേയനാവുക യെന്നു കൂട്ടിച്ചേർത്തു. ആരോഗ്യവകുപ്പ് മന്ത്രി യൂലി ഏദെൽസ്റ്റെൻ ചടങ്ങിൽ പങ്കെടുത്തു. യിസ്റാഏലിൽ ഈ പ്രതിരോധ വാക്സിൻ ഉപ യോഗിക്കാനുള്ളഔദ്യോഗിക അനുമതി ലഭ്യ മാകും എന്നും വിശദീകരിക്കപ്പെട്ടു. 2020 ഡിസം ബർ 27 ന് കുത്തിവയ്പ് ആരംഭിക്കണം എന്നും തീരുമാനിച്ചു. ഫൈസർ വാക്സിൻ പാർശ്വഫ ലങ്ങൾ ഉണ്ടാക്കുമെന്നും ദീർഘകാലസുരക്ഷി തത്വം ഇല്ലെന്നും ആദ്യഘട്ട പരിശോധനയിൽ കണ്ടെത്തിയിരുന്നു. എന്നിട്ടും അപകടസാദ്ധ്യത ഗൗരവമായി കണക്കിലെടുക്കാതെയാണ് ഈ നടപടി. സ്വദേശത്ത് വാക്സിൻ വികസിപ്പിക്കാ നുള്ള ശ്രമം യിസ്റാഏൽ നടത്തിയെങ്കിലും ഫല പ്രദമായില്ല. ബ്രിട്ടനിൽ ഫൈസർ വാക്സിൻ സ്വീകരിച്ചവർക്ക് ഗുരുതരമായ അലർജി സംഭ വിച്ചിരുന്നു.

## മെദീനാത് യിസ്റാഏൽ രാഷ്ട്രീയ അസ്ഥിരത തുടരുന്നു

ഹലിക്കുദ് (ഗണം) പാർടിയുടെ ബിനിയമീൻ നെതാന്യാഹുറോഷ് ഹമേമ്ഷാലാ (പ്രധാനമ

---

## E. പ്രത്യാഗമനം

രക്ഷിതാവ് എന്നും സ്വർഗ്ഗത്തിൽ ആയിരിക്കു ന്നതുകൊണ്ടു മതിയാകുകയില്ല. താൻ കാൽവറി യിൽ ചൊരിഞ്ഞ രക്തത്താൽ സമ്പാദിച്ച രക്ഷ യിൽ നിവർത്തിച്ച വീണ്ടെടുപ്പിൽ, വിലയ്ക്കുവാ ങ്ങിച്ചവയെ കൈവശമാക്കുവാൻ തിരിച്ചുവരേ ണ്ടതും ആവശ്യമാണ്. അതിനാൽ മാത്രമെ ശരീ രാത്മദേഹികൾ ചേർന്നുള്ള മനുഷ്യൻ തന്റെ പൂർണ്ണനിലയിൽ രക്ഷ ആസ്വദിക്കുവാൻ സാധി ക്കുകയുള്ളു. ഇന്നു സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുകയാണ്. ആ അധീന തയ്ക്കു കീഴിൽ മനുഷ്യശരീരം ദ്രവത്വം അനുഭ വിച്ചു പഞ്ചഭൂതങ്ങളിൽ ലയിച്ചു ചേരുന്നുണ്ട്. പ്രസ്തുത സ്ഥിതി മാറ്റി അതിനെ യഥാസ്ഥാനത്താ ക്കേണ്ടുന്ന ആവശ്യം ഉണ്ട്. അതിന്നു കഴിവുള്ള വൻ മാത്രമെ രക്ഷിതാവ് എന്ന പേരിനു യോഗ്യ നായിരിക്കുകയുള്ളു. പാപം നിമിത്തം മനുഷ്യൻ നഷ്ടമാക്കിയ സകല അവകാശങ്ങളും കൂടെ വീണ്ടെടുത്തു നൽകേണ്ടതായിട്ടുണ്ട്. ഇവ നിറപ ടിയായി ക്രിസ്തു തികയ്ക്കും എന്നു തിരുവെ ഴുത്തു തെളിവായിപ്പറയുന്നു. ഫിലി. 3:21; 1 കൊരി.15:22-26. ഇതിനുള്ള ഉറപ്പു കൂടെയാണു തന്റെ പുനരുത്ഥാനത്താൽ വെളിപ്പെടുത്തിയിരിക്കു ന്നത്. ആകയാൽ അവൻ നമ്മെ സമ്പൂർണ്ണമായും

ന്ത്രി) ആയും അദ്ദേഹത്തിന്റെ രാഷ്ട്രീയ എതിരാളി കഹോൽ ലവാൽ (നീലയും വെള്ളയും, യഹൂദീമിന്റെ പ്രാർത്ഥനാ മേലങ്കിയിലെയും മെദീനാത് യിസ്റാഏൽ ദേശീയ പതാകയിലെയും നിറങ്ങൾ) പാർടിയുടെ ബെന്നി ഗാന്റ്സ് ഒന്നിടവിട്ടുള്ള (alternate) പ്രധാനമന്ത്രിയായും രൂപീകരിച്ച കൂട്ടുകൃഷി മന്ത്രിസഭ പ്രതിസന്ധിയിലായി. 2020-21 വർഷങ്ങളിലെ ബഡ്ജറ്റ് പാസാക്കുന്നതിനെ സംബന്ധിച്ച അഭിപ്രായ വ്യത്യാസമാണ് പ്രതിസന്ധി സൃഷ്ടിച്ചത്. അതിനാൽ വീണ്ടും ബ്ബെഹീറോത് (ദേശീയ തിരഞ്ഞെടുപ്പ്) നടത്തുന്നതിനുള്ള തീരുമാനമെടുക്കാൻ ഹകെനേസേത് (120 അംഗ ദേശീയ നിയമ നിർമ്മാണ സഭ) നടപടികളാരംഭിച്ചു. അതിനിടയിൽ ഹലിക്കുദ് പാർടിക്കാരനും ഹകെനേസേത് അംഗവുമായ ഗിദ്ഓൻ സാർ, ഹലിക്കുദ് അംഗത്വവും ഹകെനേസേത് അംഗത്വവും രാജിവച്ച് പുതിയ പ്രത്യാശ (New Hope) എന്ന് പേരിടാനുദ്ദേശിക്കുന്ന രാഷ്ട്രീയകക്ഷിയായി മാറും എന്ന് രാഷ്ട്രീയ നിരീക്ഷകർ പറയുന്നു. പൊതുയുഗം 2021 മാർച്ച് 16 ന് വീണ്ടും ബ്ബെഹീറോത് നടക്കാനുള്ള സാദ്ധ്യതയാണുള്ളത്. അങ്ങനെയാണെങ്കിൽ രണ്ട് വർഷത്തിനുള്ളിൽ ഇത് നാലാംപ്രാവശ്യമായിരിക്കും ദേശീയ തിരഞ്ഞെടുപ്പ് നടത്തപ്പെടുക. അങ്ങനെയായാൽ പോലും സുസ്ഥിര സർക്കാർ ഉണ്ടാകാനുള്ള സാദ്ധ്യത വിരളമാണ്. ഒരു കക്ഷിക്കും 120 അംഗഹകെനേസേതിൽ കേവല ഭൂരിപക്ഷം 61 സീറ്റുകൾ ലഭിക്കാൻ സാദ്ധ്യതയില്ല എന്നതു തന്നെ കാരണം. പൊതുയുഗം 1948-ൽ മെദീനാത് യിസ്റാഏൽ രൂപീകരിക്കപ്പെട്ടതു മുതൽ ഇന്നേവരെ കൂട്ടുകക്ഷി സർക്കാരുകളാണ് യഹൂദ രാഷ്ട്രത്തിൽ ഭരണം നടത്തിയിട്ടുള്ളത്.

## മെദീനാത് യിസ്റാഏൽ - മൊറോക്കോ നയതന്ത്രബന്ധം സാധാരണ നിലയിലാക്കാൻ ധാരണ

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പ് നടത്തിയ നീക്കങ്ങൾക്കൊടുവിൽ യിസ്റാഏൽ രാഷ്ട്രവും വടക്കു പടിഞ്ഞാറനാഫ്രിക്കൻ അറബ് രാഷ്ട്രമായ മൊറോക്കോയും ഔദ്യോഗിക നയതന്ത്രബന്ധം സാധാരണ നിലയിലാക്കാൻ ധാരണയായി. അബ്റഹാം ഉടമ്പടികൾ എന്ന പദ്ധതി പ്രകാരം യഹൂദരാഷ്ട്രവുമായി ബന്ധം സാധാരണനിലയിലാക്കുന്ന നാലാമത്തെ അറബ് രാജ്യമാണ് മൊറോക്കോ. ഐക്യ അറബി എമിറേറ്റുകൾ, ബഹറിൻ, സുഡാൻ എന്നീ അറബ് രാഷ്ട്രങ്ങൾ അടുത്ത കാലത്ത് യിസ്റേഏൽ രാഷ്ട്രവുമായി ബന്ധം ശക്തിപ്പെടുത്തി. മിറ്റ്സ്റായിം (ഈജിപ്റ്റ്), യർദ്ദേൻ എന്നീ അയൽ അറബ് രാഷ്ട്രങ്ങൾ മുമ്പിനാലേ യിസ്റാഏൽ രാഷ്ട്രവുമായി സൗഹൃദത്തിലാണ്.

മൊറോക്കോ രാജ്യത്ത് അംഗസംഖ്യയുള്ള യഹൂദ സമൂഹമുണ്ടായിരുന്നു. അവരിൽ ഭൂരിഭാഗവും മെദീനാത് യിസ്റാഏൽ രൂപീകരണത്തെ തുടർന്ന് വാഗ്ദത്ത നാട്ടിലെത്തി. ഇന്ന് മൊറോക്കൻ പാരമ്പര്യമുള്ള പത്ത് ലക്ഷം യഹൂദീം യിസ്റാഏലിലുണ്ട്. മൊറോക്കോയിൽ ശേഷിക്കുന്ന യഹൂദ സമൂഹത്തിന്റെ പ്രതിനിധി സെർജ് ബർദൂഗോ (Setge Bardugo) മൊറോക്കൻ രാജാവ് മുഹമ്മദ് നാലാമന്റെ വിശ്വസ്തനാണ്. യഹൂദീമിന് മൊറോക്കോയിൽ ബുദ്ധിമുട്ടൊന്നുമില്ല. മാത്രമല്ല കഴിഞ്ഞ അറുപത് വർഷമായി യിസ്റാഏൽ രാഷ്ട്രത്തിന്റെ സുരക്ഷാ ഏജൻസി മൊസാദ് ഹബിതാഹോൻ (സുരക്ഷാ സ്ഥാപനം) മൊറോക്കൻ രാജാക്കന്മാരുടെ സുരക്ഷയ്ക്ക് സഹായ സഹകരണങ്ങൾ നൽകി വരുന്നു. ഹസ്സൻ രണ്ടാമൻ രാജാവിന്റെ ഭരണകാലത്ത് ശക്തിപ്രാപിച്ച സഹകരണം അദ്ദേഹത്തിന്റെ പിൻഗാമി മുഹമ്മദ് നാലാമൻ രാജാവ് കിരീടധാരിയായതിനുശേഷവും ശക്തമായി തന്നെ തുടരുന്നു. ശാസ്ത്ര സാങ്കേതിക മേഖലയിലും പ്രതിരോധ രംഗത്തും രഹസ്യാന്വേഷണത്തിലും ഇരു രാജ്യങ്ങളും തമ്മിൽ ശക്തമായ സഹകരണമുണ്ട്.

## ഹെരോദിയം സന്ദർശകർക്കായി തുറന്നു കൊടുക്കും

മെദീനാത് യിസ്റാഏൽ തലസ്ഥാനമായ യറൂഷാലായിം പട്ടണത്തിന്റെ തെക്കറ്റത്തു നിന്നും പന്ത്രണ്ട് മൈൽ തെക്കുമാറി ബെയ്ത്‌ലേഹേം നഗരത്തിനടുത്ത് യഹൂദാ മരുഭൂമിയിൽ സമുദ്ര നിരപ്പിൽ നിന്നും 2487 അടി പൊക്കത്തിലും ചുറ്റുമുള്ള താഴ്‌വരയിൽ നിന്ന് 328 അടി ഉയരത്തിലും നിൽക്കുന്ന കുന്നാണ് ഹെറോദിയം. രണ്ടായിരം വർഷം മുമ്പ് റോമാ സാമ്രാജ്യ കാലയളവിൽ യഹൂദാനാട് ഭരിച്ചിരുന്ന ഹൊർദോസ് ഹമേലേഖ് (ഹേരോദാ രാജാവ്, King Herod the Great) ഇവിടെ കബറടക്കപ്പെട്ടിരിക്കുന്നു.

നിഷ്ഠൂരനായിരുന്നു ഹൊർദോസ് ഹമേലേഖ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ പ്രജകളാരും ദുഃഖിക്കുകയില്ല എന്നദ്ദേഹത്തിനറിയാമായിരുന്നു. അതുകൊണ്ട് മരണക്കിടക്കയിലായപ്പോൾ നാട്ടിലെ പ്രമുഖരെല്ലാം കാരാഗൃഹത്തിലടക്കാനും താൻ മരണമടയുമ്പോൾ അവരെയെല്ലാം കൊന്നുകളയാനും രാജകീയ കല്പന നൽകി. സമൂഹ വിലാപം ഉണ്ടാകാൻ വേണ്ടിയായിരുന്നു അത്. എന്നാൽ രാജകീയ കല്പന നടപ്പാക്കപ്പെട്ടില്ല, കൂട്ടക്കൊല ഒഴിവായി.

ഭരണകാലത്ത് ഹൊർദോസ് ഹമേലേഖ് നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി. യറൂഷാലായിം നഗര മദ്ധ്യത്തിൽ മോറിയ മലമുകളിൽ പണിതിരുന്ന ബെയ്ത് ഹമിഘ്ദാഷ് (വിശുദ്ധമന്ദിരം, യെരുശലേം ദേവാലയം) വളപ്പ് അദ്ദേഹം വടക്കോട്ട് വിസ്തൃതമാക്കി, ഹേവ്റോൻ പട്ടണത്തിലോ മക്‌പേലാ ഗുഹയിലെ അബ്റഹാം - യിറ്റ്സ്ഹക്ക് - യഅക്കോബ് മുതലായവരുടെ കബറുകൾ സംരക്ഷിച്ചു. കൈസര്യയിൽ തുറമുഖം പണിതു, ചാവുകടലിനരികെ മലമുകളിൽ മെറ്റ്സാദാ കോട്ടയും ഹെരോദിയം കോട്ട സമുച്ചയവും നിർമ്മിച്ചു.

ഹെരോദിയം മുകൾപരപ്പിൽ രാജകീയ കൊട്ടാരത്തിനു സമീപമാണ് ക്കേവേർ ഹൊർദോസ് ഹമേലേഖ്. മെദീനാത് യിസ്റാഏൽ പുരാവസ്തു വകുപ്പ് ഈകുന്നിൻപുറം സന്ദർശകർക്ക് തുറന്നു കൊടുക്കുകയാണ്. യറൂഷാലായിം പട്ടണത്തിൽ നിന്നും ബെയ്ത്‌ലേഹേമിലേക്ക് യാത്ര ചെയ്യുമ്പോൾ അങ്ങകലെ ഹൊരോദിയം ദൃശ്യമാകും.

## അമേരിക്കയിലെ ഡെമോക്രാറ്റ് ഭരണം യു.എസ്.-.യിസ്റാഏൽ ബന്ധം ദുർബലമാക്കാൻ സാധ്യത

ഇടതുപക്ഷ ഡെമോക്രാറ്റ് കക്ഷിക്കാരായ ജോ ബൈഡൻ പ്രസിഡന്റായും കമലാ ഹാരിസ് വൈസ് പ്രസിഡന്റായും ഭരണം മാറുന്നതോടെ യിസ്റാഏൽ രാഷ്ട്രത്തിനോട് അമേരിക്ക പുലർത്തിയിരുന്ന അനുകൂല സമീപനത്തിന് മാറ്റം വരാൻ സാദ്ധ്യത. ഐക്യരാഷ്ട്രസംഘടനയിൽ യിസ്റാഏൽ വിരുദ്ധ നീക്കങ്ങളെ പ്രതിരോധിക്കുന്നതിൽ അമേരിക്ക ശ്രദ്ധിച്ചിരുന്നു. സ്ഥാനമൊഴിയുന്ന റിപ്ബ്ളിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പ് യിസ്റാഏലുമായി ശക്തമായ നയതന്ത്രബന്ധം പുലർത്തിയിരുന്നു. അതിനാൽ ലോകത്തിലെ ഒമ്പത് ആണവ രാഷ്ട്രങ്ങളിലൊന്നായ മെദീനാത് യിസ്റാഏൽ സ്വന്തം കാലിൽ നിൽക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നു.

## ഭൂട്ടാൻ മെദീനാത് യിസ്റാഏലുമായി പൂർണ നയതന്ത്ര ബന്ധം സ്ഥാപിച്ചു

ഭാരതത്തിന്റെ അയൽരാജ്യമായ ഭൂട്ടാൻ പൊതുയുഗം 12.12.2020-ൽ യിസ്റാഏൽ രാഷ്ട്രവുമായി പൂർണ നയതന്ത്രബന്ധം സ്ഥാപിച്ചു. റോൻ മൽക്ക ആണ് ഭൂട്ടാനിലെ യിസ്റാഏലി ഹഗ്റീർ (അംബാസിഡർ) 2013 മുതൽ ഭൂട്ടാൻ യുവാക്കൾക്ക് യിസ്റാഏലിൽ പരിശീലനം നൽകി വരുന്നു. ഇരു രാജ്യങ്ങളും തമ്മിൽ രഹസ്യ ഇടപാടുകൾ ഉണ്ടായിരുന്നു. ❖

# ഒരു നഷ്ടക്കച്ചവടം

വി. പി. ജേക്കബ്, ബി. എ.

എല്ലാത്തരത്തിലുള്ള ആളുകൾക്കും ഒരുപോലെ വായിച്ചു പ്രയോജനപ്പെടാവുന്ന ഒരു പുസ്തകമാണ് ബൈബിൾ. മനുഷ്യജീവിതത്തിന്റെ എല്ലാ വകുപ്പുകളെയും ശരിയായ നിലയിൽ പ്രതിബിംബിക്കുന്ന "ജീവൽ സാഹിത്യ"മാണ് വേദപുസ്തകത്തിലുള്ളത്. ഏതെങ്കിലും ഒരു കൂട്ടർ, "ഞങ്ങളെ സംബന്ധിക്കുന്നതോ ഞങ്ങൾക്കു പ്രയോജനപ്പെടാവുന്നതോ ആയ യാതൊന്നും വേദപുസ്തകത്തിൽ ഇല്ല" എന്ന ഒഴിവുകഴിവു പറഞ്ഞു തൽഗ്രന്ഥത്തെ അവഗണിക്കാൻ സാദ്ധ്യമല്ല. ഇന്നത്തെ ലോകം വ്യാപാരത്തിൽ മുഴുകി മുമ്പോട്ടു പോകുന്നു. "വേദപുസ്തകത്തിനും കച്ചവടത്തിനും തമ്മിൽ എന്തെങ്കിലും പൊരുത്തം ഉണ്ടോ" എന്നു ചോദിക്കുന്ന പരമാർത്ഥ ബുദ്ധികളായ അസംഖ്യംപേർ ലോകത്തിലുണ്ട്. ചില പ്രധാന കച്ചവടങ്ങളെ സംബന്ധിച്ചു സത്യവേദത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നുള്ളത് അവർക്കു ഒരു പുത്തരിയായിരിക്കാം. ഏശാവു, യൂദാ ഇസ്ക്കര്യോത്ത് 'ഒരു മനുഷ്യൻ' (മർക്കൊ. 8:36) എന്നിവർ നടത്തിയ കച്ചവടങ്ങൾ ഏതൊരു വ്യക്തിയുടെയും ശ്രദ്ധയെ സവിശേഷം ആകർഷിക്കുന്നതും ആകർഷിക്കേണ്ടതുമാണ്. 'അഭക്തൻ' എന്ന വൈദിക അപരനാമത്താൽ അറിയപ്പെടുന്ന ഏശാവു നടത്തിയ കച്ചവടത്തെ സംബന്ധിച്ചു പ്രതിപാദിക്കണമെന്നുള്ളതാണ് ഈ ലേഖനോദ്ദേശം.

"ഒരിക്കൽ" എന്ന പ്രയോഗത്തോടുകൂടിയാണു പ്രസ്തുത സംഭവ വിവരണം ആരംഭിക്കുന്നത്. ഇവിടെ നാം ആദ്യമായി മനസ്സിലാക്കേണ്ട ഒരു പാഠം ഉണ്ട്. ഏശാവു 'ഒരിക്കൽ' പരീക്ഷയിൽ അകപ്പെട്ടു. ഏതവസരത്തിലും പരീക്ഷിക്കപ്പെടാവുന്ന സ്ഥിതിയാണു മനുഷ്യനുള്ളത്. തിരുവെഴുത്തുകളിൽ നിന്നു ചില ദൃഷ്ടാന്തങ്ങൾ പരിശോധിക്കാം. "അവൾ ദിനംപ്രതിയും യോസേഫിനോടു പറഞ്ഞിട്ടും.... അവൻ അവളെ അനുസരിച്ചില്ല" (ഉല്പ. 39:10). "ഇങ്ങനെ അവൾ അവനെ ദിനംപ്രതി വാക്കുകളാൽ ബുദ്ധിമുട്ടിച്ചു അസഹ്യപ്പെടുത്തി.... തന്റെ ഉള്ളം മുഴുവനും അവളെ അറിയിച്ചു" (ന്യായാ. 16:16). "ഒരുനാൾ സന്ധ്യയാകാറായ സമയത്തു ദാവീദു മെത്തയിൽ നിന്നും എഴുന്നേറ്റു രാജധാനിയുടെ മാളികമേൽ ഉലാവിക്കൊണ്ടിരിക്കുമ്പോൾ...." (2 ശമു. 11:2) യോസേഫ്, ശിംശോൻ, ദാവീദു എന്നിവർക്കുണ്ടായ പരീക്ഷകളാണു മേലുദ്ധരിച്ച വാക്യങ്ങളിലെ വിഷയം. ഒന്നാം പേരുകാരൻ പരീക്ഷയിൽ വിജയിയായി. രണ്ടും മൂന്നും പേരുകാർ പരീക്ഷയിൽ പരിതാപകരമാംവണ്ണം പരാജിതരായി. ഭക്തന്മാർക്കുണ്ടായ പരീക്ഷയും തന്മൂലമുണ്ടായ പരാജയവും വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്തിന്? നാമും പരീക്ഷയിൽ അകപ്പെട്ടു പരാജയം പ്രാപിക്കുന്നതിനല്ല പ്രത്യുത, പരാജയം പ്രാപിക്കാതെ നമ്മെത്തന്നെ സൂക്ഷിക്കേണ്ടതിന്നത്രേ. പരീക്ഷ ഉണ്ടാകാത്ത യാതൊരു നിമിഷവും, നാഴികയും, ദിവസവും, ആഴ്ചയും, വർഷവും ഒരു ഭക്തന്റെ ജീവിതത്തിലില്ല. കുളിക്കുന്ന സമയത്തുകൂടി നാം ആയുധ ധാരികളായിരിക്കണം. "നിന്നെത്തന്നേയും ഉപദേശത്തേയും സൂക്ഷിച്ചുകൊൾക" (1 തിമൊ. 2:16).

"അവൻ നന്നാ ക്ഷീണിച്ചിരുന്നു". ഏശാവിന്റെ വീഴ്ചക്കു കാരണമായി ഭവിച്ച മറ്റൊരു പരിതഃസ്ഥിതി അത്യധികമായ ക്ഷീണമായിരുന്നു. മനുഷ്യനു വിശപ്പും ക്ഷീണവും ഉണ്ടാകുമ്പോഴാണു അവനെ പരീക്ഷിക്കുന്നതിനുള്ള പിശാചിന്റെ സുവർണ്ണാവസരം. ദേശത്തു ക്ഷാമം ഉണ്ടായി; ദേശത്തു ക്ഷാമം കഠിനമായി തീർന്നതുകൊണ്ടു അബ്രാം മിസ്രയീമിൽ ചെന്നു

പാർപ്പാൻ അവിടേക്കു പോയി" (ഉല്പ.12:10) ഇംഗ്ലീഷ്, കർണ്ണാടകം മുതലായ ഭാഷകളിൽ, "മിസ്രയീമിലേക്കു ഇറങ്ങിപ്പോയി" എന്നാണ് പ്രയോഗം. ക്ഷാമം നിമിത്തം വിശപ്പുണ്ടായി. വിശപ്പിന്റെ കലശൽ ക്ഷീണത്തെ ഉളവാക്കി.ക്ഷീണംമൂലം അബ്രാം ഈജിപ്റ്റിലേക്കു ഇറങ്ങിപ്പോയി. ആ "ഇറങ്ങിപ്പോക്കു" എത്രയോ ദൂരവ്യാപക ഫലങ്ങളെ ഉളവാക്കി. ചുരുക്കിപ്പറഞ്ഞാൽ, ഇന്നു പാലസ്തീനിൽ യെഹൂദന്മാരും അറബികളും തമ്മിൽ നടക്കുന്ന സംഘട്ടനം അബ്രാം മിസ്രായിമിലേക്ക് ഇറങ്ങിപ്പോയതിന്റെ ഒരു വിദൂരഫലമാണ്. നമ്മുടെ കർത്താവ് നാല്പതു ദിവസം ഉപവസിച്ചു "ആ ദിവസങ്ങളിൽ അവൻ ഒന്നും ഭക്ഷിച്ചില്ല; അവ കഴിഞ്ഞപ്പോൾ അവനു വിശന്നു. അപ്പോൾ പിശാചു അടുത്തു വന്നു അവനോടു" എന്നീപ്രകാരമാണ് നാം വായിക്കുന്നത്. വിശന്നപ്പോൾ 'പരീക്ഷകൻ അടുത്തുവന്നു'. ഒന്നാം ആദാം പരാജയം പ്രാപിച്ച അതേ പരീക്ഷയിൽ ഒടുവിലത്തെ ആദാം വിജയശ്രീലാളിതനായി. അത്യധികമായ വിശപ്പും ക്ഷീണവുമുണ്ടാകുമ്പോൾ നാം വൈരിയുടെ ഇരയായിത്തീർന്ന് "ജ്യേഷ്ഠാവകാശം" വിറ്റു തിന്നാതിരിക്കുവാൻ നമുക്ക് വളരെ കരുതലുള്ളവരായിരിക്കാം.

ഏശാവിനെ വ്യാമോഹിപ്പിച്ചത് യാക്കോബിന്റെ 'ചുവന്ന' പായസമായിരുന്നു. പായസം തന്നെ നല്ല മധുരമുള്ളതായിരിക്കെ അതോടുകൂടി നിറവും ഇണങ്ങിച്ചേർന്നാലുള്ള കഥ എന്താണ് പറയേണ്ടത്? മനുഷ്യൻ വളരെ വേഗം വേഷപ്പകിട്ടിൽ ഭ്രമിക്കുന്നവനാണ്. കാര്യങ്ങളുടെ ഗുണം, പ്രയോജനം എന്നിവ ആധുനിക മനുഷ്യന് വിഷയമല്ല. ഈ കൺമോഹം ഇന്നും ഇന്നലെയും ലോകത്തിലുണ്ടായതല്ല. "ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചുതിന്നു ഭർത്താവിനും കൊടുത്തു; അവനും തിന്നു"(ഉല്പ.3:6). ഏകദേശം നാലായിരം വർഷങ്ങൾക്കു ശേഷം സാത്താൻ ഈ ത്രിവിധമായ പരീക്ഷകളോടുകൂടി ക്രിസ്തുവിനെ സമീപിച്ചു എന്നാൽ പ്രസ്തുത പരീക്ഷയിൽ പരീക്ഷകൻ തന്നെ തോറ്റുപോകയാണുണ്ടായത്. "ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതെല്ലാം പിതാവിൽ നിന്നല്ല ലോകത്തിൽ നിന്നത്രേ ആകുന്നു " (1 യോഹ. 2:15,16). നയമാൻ പ്രതിഫലം നീട്ടിയപ്പോൾ, 'ഞാൻ ഒന്നും കൈക്കൊൾകയില്ല' എന്നു എലീശാ പറഞ്ഞു (2 രാജാ. 5:16). 'ഞാൻ അല്പമെങ്കിലും വാങ്ങും' എന്നു ഗേഹസി പറഞ്ഞു. ഇതാണ് ഗുരുവും ശിഷ്യനും തമ്മിലുള്ള വ്യത്യാസം. "ലോകത്തിലുള്ള സകല രാജ്യങ്ങളുടെയും അവയുടെ മഹത്വത്തെയും" കണ്ടപ്പോൾ നമ്മുടെ കർത്താവും ഗുരുവുമായവൻ അണുവളവും ആകർഷിതനായില്ല. എന്നാൽ ഇന്നത്തെ ശിഷ്യന്മാരുടെ സ്ഥിതി എന്ത്? അവർ, "മായയാമുലകിൻ വേഷവിശേഷം" കണ്ടു മയങ്ങിപ്പോകുന്നു. ഇന്നും നാം എല്ലാവരും, വിശിഷ്യ പട്ടണവാസികളായ വിശുദ്ധന്മാർ, "യഹോവേ, എന്റെ കണ്ണുകൾക്കു ഒരു കാവൽ നിർത്തി എന്റെ അധരദ്വാരം കാക്കേണമേ" എന്ന പ്രാർത്ഥനയോടുകൂടി വേണം ഓരോ നിമിഷവും ജീവിക്കുവാൻ. ദൈവപൈതലിനു യോഗ്യമല്ലാത്ത വിവിധ കാഴ്ചകൾകൊണ്ടു ലോകം നിറഞ്ഞുപോയി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

'ജ്യേഷ്ഠാവകാശം' എന്നാൽ എന്ത്? അതിൽ അടങ്ങിയിരിക്കുന്ന പദവികൾ എന്തെല്ലാം? എന്നീ ചോദ്യങ്ങളാണു അടുത്തതായി നമ്മുടെ പര്യാലോചനയ്ക്കു വിഷയമാകേണ്ടത്. പിതൃസ്വത്തിന്റെ ഇരട്ടി ഓഹരി (ആവ. 21:17), കുടുംബപൗരോഹിത്യം (പുറ. 4:22) എന്നിവയാണ് പ്രധാനമായി ജ്യേഷ്ഠാവകാശത്തിൽ ഉൾപ്പെടുന്ന പദവികൾ. കൂടാതെ മശിഹായുടെ നേരെയുള്ള വംശാവലിയിൽ സ്ഥാനം പിടിക്കുക എന്ന ഒരു

പദവികൂടി ജ്യേഷ്ഠാവകാശത്തിലുള്ളതായി Dr. S. English പ്രസ്താവിക്കുന്നുണ്ട്. ജ്യേഷ്ഠാവകാശത്തിൽ അടങ്ങിയിരിക്കുന്ന വിവിധ പദവികളെ സംബന്ധിച്ചുള്ള വിശദവിവരങ്ങളിലേക്ക് നാം ഇപ്പോൾ കടന്നുപോകേണ്ട ആവശ്യമില്ല. അതിന്റെ ആത്മീകമായ അർത്ഥമാണു നമ്മെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായിരിക്കുന്നത്. ദൈവം ക്രിസ്തുവിൽ നമുക്കായിട്ട് ഒരുക്കിയിട്ടുള്ള സകല അനുഗ്രങ്ങളെയും ഉൾക്കൊള്ളുന്ന ഒന്നായി ജ്യേഷ്ഠാവകാശത്തെ പരിഗണിക്കാവുന്നതാണ്. "സ്വർഗ്ഗത്തിലെ (സ്വർഗ്ഗീയമായ) സകല ആത്മീയാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ" (എഫെ. 1:3). പുതിയനിയമ വിശ്വാസിയുടെ സമ്പത്തു ഭൗമികമായിട്ടുള്ളതല്ല, പിന്നെയോ സ്വർഗ്ഗീയമായിട്ടുള്ളതാണ് പഴയപുതിയ നിയമങ്ങളുടെ സ്വഭാവവിഷയകമായി തത്ത്വജ്ഞാനിയായ Francis Bacon ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "പഴയനിയമം സമൃദ്ധിയുടെ മാർഗ്ഗമാണുഎന്നാൽ പുതിയ നിയമം ദാരിദ്ര്യത്തിന്റെ മാർഗ്ഗമാണ്" . പഴയപുതിയ നിയമങ്ങളുടെ വ്യത്യാസം സൂക്ഷ്മമായി ഗ്രഹിക്കാത്ത ഒരു വ്യക്തിക്കു ദൈവവചനം ശരിയായി വിഭജിക്കുവാൻ സാധിക്കയില്ല.

"ഈ ജ്യേഷ്ഠാവകാശം എനിക്ക് എന്തിന്?" ഇതായിരുന്നു ഏശാവിന്റെ ലഘുഭാവത്തോടുകൂടിയ ചോദ്യം. കാര്യങ്ങളുടെ ആത്മിക വില അറിയാൻ പാടില്ലാത്തവർ എക്കാലത്തും ചോദിക്കുന്ന ഒരു ചോദ്യമാണിണ് ഇത്. കാര്യങ്ങളുടെ ആത്മീക വില മനസ്സിലാക്കുന്നവർ, അതു മനസ്സിലാക്കാത്തവർ എന്നിങ്ങനെ ലോകവാസികളെ രണ്ടായി തിരിക്കാം. യാക്കോബു അതു മനസ്സിലാക്കി; ഏശാവു മനസ്സിലാക്കിയില്ല. യാക്കോബിന്റെ ക്ലാസിൽപെട്ട ഒരാളാണ് നാബോത്ത്. ആഹാബിന്റെ അരമനയുടെ അടുത്തു നാബോത്തിന്റെ ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. രാജാവ്, ഒരു ചീരത്തോട്ടത്തിന്റെ ആവശ്യം സാധിക്കേണ്ടതിനുവേണ്ടി നാബോത്തിന്റെ മുന്തിരിത്തോട്ടം ആവശ്യപ്പെട്ടു. പ്രസ്തുത മുന്തിരിത്തോട്ടത്തിനു പകരം കൂടുതൽ വിശേഷമായ ഒരു മുന്തിരിത്തോട്ടമോ അല്ലെങ്കിൽ അതിന്റെ വില പണമായോ കൊടുക്കാമെന്നു അത്യാഗ്രഹിയായ രാജാവു വാഗ്ദാനം ചെയ്തു. ഇതിനു മറുപടിയായി നാബോത്ത് ഉച്ചരിച്ച അഭിമാനമസൃണമായ വാക്കുകൾ ഏതൊരു ഭക്തനേയും പുളകം കൊള്ളിക്കുമെന്നുള്ളതിന് യതൊരു സംശയവുമില്ല. "ഞാൻ എന്റെ പിതാക്കന്മാരുടെ അവകാശം നിനക്കു തരുവാൻ യഹോവ സംഗതി വരുത്തരുതേ" ( 1 രാജാ. 21:3) പിതാക്കന്മാരുടെ അവകാശത്തിൽ നാബോത്ത് അടിയുറച്ചു നിന്നതു നിമിത്തം അവൻ "രക്തസാക്ഷിയായി" മരിക്കേണ്ടി വന്നു. എങ്കിലും അവൻ മരണപര്യന്തം പിതാക്കന്മാരുടെ അവകാശത്തിനുവേണ്ടി പോരാടി. ഹാ! നാബോത്ത് എത്ര ഉൽക്കൃഷ്ടമായ ഒരുമാതൃക! "നീ സത്യം വില്ക്കയല്ല വാങ്ങുകയത്രേ വേണ്ടത്; ജ്ഞാനവും പ്രബോധനവും വിവേകവും അങ്ങനെതന്നെ"(സദൃ. 23:23). ഇസ്രായേൽ മക്കൾ ചെങ്കടലിന്റെ അടുത്തുവച്ച് വലിയ വിഷമത്തിലായി. അവർ ഉച്ചരിച്ച വാക്കുകൾ ശ്രദ്ധിക്കുക: "മരുഭൂമിയിൽ മരിക്കുന്നതിനെക്കാൾ മിസ്രയീമ്യർക്കു വേല ചെയ്യുന്നതായിരുന്നു ഞങ്ങൾക്കു നല്ലത്" (പുറ. 14:12). രണ്ടുകാര്യങ്ങളാണ് അവരുടെ മുമ്പിലുള്ളത്. ഒന്നുകിൽ. സ്വതന്ത്രരായി–ദൈവമുള്ളവരായി മരുഭൂമിയിൽ മരിക്കുക. അല്ലെങ്കിൽ അടിമകളായി-ദൈവമില്ലാത്തവരായി മിസ്രയീമിൽ ജീവിക്കുക. അവർ പറയുന്നു രണ്ടാംകാര്യമാണ് ഭേദമെന്ന്. ഇതിൽ കൂടുതൽ ഇസ്രായേൽ മക്കൾ അധഃപതിക്കുവാനുണ്ടോ? അവരുടെ ആത്മീക ദർശനം നഷ്ടപ്പെടുവാനുണ്ടോ? അന്നത്തെ യിസ്രയേല്യരെക്കാൾ നമ്മുടെ നില ഭേദമാണോ? ഒരിക്കലുമല്ല. എപ്പോഴും കാര്യങ്ങളുടെ ആത്മീകവില മനസ്സി

ലാക്കുവാൻ കർത്താവു നമ്മുടെ ആത്മീക ദൃഷ്ടിയെ പ്രകാശിപ്പിക്കട്ടെ.

"ഇങ്ങനെ ഏശാവു ജ്യേഷ്ഠാവകാശത്തെ അലക്ഷ്യമാക്കികളഞ്ഞു". ലക്ഷ്യമാക്കേണ്ട ഒരു കാര്യം അവൻ അലക്ഷ്യമാക്കി. ഗണ്യമാക്കേണ്ട ഒരു കാര്യം അവൻ അഗണ്യമാക്കി. ഇതായിരുന്നു ഏശാവിന്റെ ഗുരുതരമായ പ്രമാദം. "ചരിത്രം തനിയെ ആവർത്തിക്കുന്നു" എന്നാണു പറയുന്നതു. ഗണ്യമാക്കേണ്ടതിനെ അഗണ്യമാക്കുകയാണ് ആധുനിക മനുഷ്യന്റെ പ്രമാദം. ദൈവവചനം പറയുന്നതാവിതു: "ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും" (എബ്രാ. 2:4) അഗണ്യ മനോഭാവം നിമിത്തം എത്രയോകോടി ജനങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു. "ക്രിസ്തുവിനെക്കുറിച്ചു കേട്ടിട്ടില്ലാത്ത എത്രയോ ലക്ഷങ്ങൾ ഇന്നു ലോകത്തിലുണ്ട്. അവരുടെ സ്ഥിതി എന്ത്?" എന്നിങ്ങനെ ഒരു യുവസ്നേഹിതൻ ഈ എഴുത്തുകാരനോട് ചോദിക്കുകയുണ്ടായി. എന്നാൽ ഇതിനേക്കാൾ കൂടുതലായി എഴുത്തുകാരനെ അമ്പരിപ്പിക്കുന്ന പ്രശ്നം ജീവിതകാലം മുഴുവൻ യേശുക്രിസ്തുവിന്റെ സുവിശേഷം കേട്ടിട്ടും രക്ഷാനിർണ്ണയം പ്രാപിക്കാത്തവരായി എത്രയോ ലക്ഷങ്ങൾ 'മരണമറയ്ക്കു' അപ്പുറത്തേക്കു കടന്നുപോകുന്നു എന്നുള്ളതാണ്. കാരണം, "മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളതത്രേ; വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യായപ്രമാണത്തിന്റെ സകല വചനങ്ങളും അനുസരിച്ചു നടക്കേണ്ടതിനു എന്നേക്കും നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു" (ആവ.29:28). ഇതോടൊന്നിച്ചു "കാര്യം മറച്ചുവെക്കുന്നതു ദൈവത്തിന്റെ മഹത്വം" എന്ന വാക്യാംശവും നോക്കുക (സദൃ. 25:3). "ദൈവം കാര്യങ്ങൾ മറച്ചുവച്ചിരിക്കുന്ന പ്രദേശത്തേക്കു അതിക്രമ പ്രവേശം" ചെയ്യുന്നതാപത്താണ്. അതുകൊണ്ടു വെളിപ്പാടിനെ ആധാരമാക്കിയാണ് നാം ജീവിക്കയും പ്രവർത്തിക്കയും ചെയ്യേണ്ടത്. ഇന്നത്തെ 'ക്രിസ്തീയ രാജ്യങ്ങളുടെ സ്ഥിതി നോക്കുക. യേശുക്രിസ്തു ദൈവപുത്രനാണെന്നും പാപികളെ രക്ഷിപ്പാൻ ലോകത്തിൽ അവതരിച്ചു മരിച്ചു അടക്കപ്പെട്ടു മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്തു എന്നും ആകാശമേഘങ്ങളിൽ വീണ്ടും വരുമെന്നും മറ്റും ബുദ്ധികൊണ്ടു വിശ്വസിക്കുന്ന എത്രയോ നാമധേയ ക്രിസ്ത്യാനികൾ ഉണ്ട്. എന്നാൽ ഈ വിശ്വാസം അഥവാ ചരിത്രപരമായ ഉണക്കൻ അറിവുകൊണ്ടു ആരും രക്ഷിക്കപ്പെടുകയില്ല. അവർ വിശ്വാസപ്രമാണം ആഴ്ചതോറും ഉരുവിടുന്നതിൽ വളരെ നിഷ്ടയുള്ളവരാണെങ്കിലും ആത്മരക്ഷയുടെ കാര്യത്തിൽ അതീവ അനാസ്ഥയുള്ളവരായിരിക്കുന്നു എന്ന സംഗതി നമ്മെ വളരെ അത്ഭുതപ്പെടുത്തുന്ന ഒരു പരമാർത്ഥം അത്രേ.

ഏശാവിനെ സംബന്ധിച്ച് പരിശുദ്ധാത്മാവു പുതിയനിയമത്തിൽ രേഖപ്പെടുത്തുന്ന കാര്യങ്ങൾ നാം വളരെ ശ്രദ്ധിക്കേണ്ടതാണ്. "ആരും ദൈവകൃപ വിട്ടു പിന്മാറുകയും ..... ഒരു ഊണിന്നു ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അഭക്തനോ ആയിത്തീരുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊൾവിൻ" (എബ്രാ. 12:15-17). ഏശാവിന്റെ അവസാസം എത്രയോ ശോചനീയം! അവൻ താൽക്കാലികമായ ജഡസംതൃപ്തിക്കുവേണ്ടി നിത്യസൗഭാഗ്യം നഷ്ടമാക്കി. കാര്യങ്ങളുടെ ആത്മീക വില മനസ്സിലാക്കാത്തവർക്കും ജീവിതത്തിൽ ആ പ്രമാണത്തിനു ഒന്നാംസ്ഥാനം കൊടുക്കാത്തവർക്കും ഏശാവിന്റെ ജീവിതം ഒരു അപകടക്കുറിയാണെന്നുള്ളതിനു രണ്ടുപക്ഷമില്ല. പ്രിയ വായനക്കാരാ നിന്റെ ജീവിതത്തിന്റെ ലാഭനഷ്ടക്കണക്കു നീ എപ്പോഴെങ്കിലും ശാന്തമായി പരിശോധിച്ചിട്ടുണ്ടോ. ഇതുവരെയും കണക്കുനോക്കിയിട്ടില്ലെങ്കിൽ അതിനുള്ള സമയം വളരെ അതിക്രമിച്ചിരിക്കയാണ്. പ്രസ്തുത പരിശോധനയുടെ അളവുകോൽ, "ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും തന്റെ ജീവനെ കളകയും ചെയ്താൽ അവനു എന്തു പ്രയോജനം?" എന്ന കർത്താവായ യേശുവിന്റെ ഗംഭീരമായ പ്രസ്താവന ആയിരിക്കട്ടെ.

Registered with the Registrar of
Newspapers of India under No. 7748/64

# പ്രവചന പ്രദീപിക

## ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾ

(ബുക്ക് പോസ്റ്റ് ചെലവുൾപ്പെടെ - ഇന്ത്യയിൽ)

| | | |
|---|---|---|
| ക്രിസ്തീയ ജീവിതത്തിലെ ഏഴു കാര്യങ്ങൾ | വൈ. എസക്കിയേൽ | 3.50 |
| സഭാസത്യങ്ങൾ | ,, ,, | 75.00 |
| വെളിപ്പാട് പുസ്തക വ്യാഖ്യാനം | ,, ,, | 407.00 |
| ബൈബിൾ പ്രശ്നാവലി | ,, ,, | 105.00 |
| സഹസ്രാബ്ദ വാഴ്ചയും പുതിയ ഭൂമിയും | | 355.00 |
| ബൈബിൾ വ്യാഖ്യാന മാതൃക | ,, ,, | 85.00 |
| രക്ഷയുടെ ഭദ്രത | ,, ,, | 105.00 |
| ക്രിസ്തീയ ജീവിതം | ,, ,, | 8.00 |
| സാത്താനും പ്രവർത്തന പദ്ധതിയും | ,, ,, | 105.00 |
| Thrones of God | ,, ,, | 10.00 |
| അന്തിക്രിസ്തു | ,, ,, | 85.00 |
| ദൈവിക ന്യായസനങ്ങൾ | ,, ,, | 235.00 |
| പരിശുദ്ധാത്മാവ് | ,, ,, | 407.00 |

**രജിസ്റ്റർ ചെയ്തയക്കണമെങ്കിൽ
രൂപ 22.00 കൂടെ അയയ്ക്കുക**

**പുസ്തകങ്ങൾ *V.P.P.* ആയി
അയയ്ക്കുന്നതല്ല.**

Published by Y. Sam Raj and Printed at
Excellent Printers, Plavila

**PRINTED BOOK POST**

To

REGD. NEWS PAPER

if undelivered, please return to :
Aramada P.O., Tvm - 32
including the reason